V	പൈപ്പ് ലൈൻ ചിലഭാഗത്ത് ഉണ്ട്.	എടത്തറ വായനശാല, പാറൽ ടൗൺ, തുര. HS പടി എടത്തറ അംഗൻവാടി വീട്ടിക്കാട് LP സ്കൂൾ, കുണ്ടുമൻപടി റോഡ്.	പൊന്നള്ളി പെരുവഴിക്കടവ് റോഡിൽ പൈപ്പ് ലൈൻ നീട്ടുക. നിലവിൽ പണി നടന്നു വരുന്ന പാറൽ പെരുവഴിക്കടവ് മിനി വാട്ടർ സപ്ലൈസ്കീം പണി പൂർത്തിയാക്കുക.
VI	നിലവിൽ ചിലഭാഗത്ത് മാത്രം പൈപ്പ്ലൈൻ കുഴൽ കിണറുകളും നന്നാക്കണം	അമ്പലക്കുന്ന് പൊയ്യക്കൊടി GMLPS തുര, പ്രദേശത്ത് കുഴൽകിണർ—പൊന്നംകുളം കോളനി, പൊതുകിണർ കുഴിക്കുക	G. M. L. P. S. തുര റോഡിൽ പൈപ്പ് ലൈൻ നീട്ടുക. പുത്തൻ പീടിയക്കൽ പടിവരെ
VII	ശുക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശം	തെക്കപ്പുറം, കൊടിയാരംകുന്ന് തെയ്യോട്, എടായ്ക്കൽ, തവളപ്പാറ. കുളത്തിൽപാടം കോളനി—ഇവിടങ്ങളിൽ പഞ്ചായത്തു കിണറുകളുണ്ട് നന്നാക്കണം. എടായ്ക്കൽ, തെക്കേപ്പുറം, പുതിയ കിണർ.	
VIII	കുടിവെള്ളത്തിന് വലിയക്ഷാമം വാർഡിലാകെ അനുഭവപ്പെടുന്നു.	ചീരക്കാട്ടുകുന്ന്, കുളത്തിൽകുണ്ട്, ബീടാഞ്ചി, വില്ലേജ് ഓഫീസ്, കൊട്ടാരകുന്ന് തെക്കേക്കോട്ടിൽ, ആലിൻകുന്ന്.	തുരപ്പുഴ (കരിമ്പാറ) മോട്ടോർ വെച്ച് കോട്ടക്കുന്നിലേക്ക് വെള്ളം അടിച്ചു കൊടുത്ത് കെട്ടി പഞ്ചായത്തിലൂടെ കുടിവെള്ളം നൽകാൻ കഴിയും
IX	നിലവിൽ പൈപ്പ് ലൈൻ ഇല്ല	പാക്കത്ത്കുണ്ട് കോരക്കോട്കുന്ന് (കുഴൽകിണർ)	താഴെക്കോട് പഞ്ചായത്തിലെ സ്കൂളിൽ നിന്നും പുറുത്താണി വാട്ടർടാങ്ക് റോഡിൽ കൂടിയും തുര—വെട്ടുത്തുർ റോഡിൽ കൂടിയും 1½ കി. മീ. പൈപ്പ് ലൈൻ നീട്ടണം.
X	നിലവിൽ പ്രത്യേക സംവിധാനമൊന്നുമില്ല. കിണറുകളെ മാത്രം ആശ്രയിക്കുന്നു.	പെരുമ്പാലപ്പുറം അയിനിക്കുഴിപ്പുറമ്പ് തട്ടാൻപള്ള്യാൽ, ആലിക്കൽ പരിസരം കുഴൽകിണർ.	കൊടക്കാപറമ്പിൽ ടാങ്ക് കെട്ടി വാട്ടർ സപ്ലൈസ്കീം നടപ്പാക്കണം. തുരപ്പാടത്ത് കുളം നന്നാക്കി മോട്ടോർ വെച്ച് ഹരിജൻ കോളനിയിൽ വെള്ളമെത്തിക്കണം.
XII	പുഴയോരമാണെങ്കിലും ശുക്ഷമായ കുടിവെള്ളക്ഷാമം. 2 കിലോമീറ്റർ നടന്ന് പുഴയിൽ നിന്നും വെള്ളം ഉപയോഗിക്കേണ്ടി വരുന്നു.	കോരംകോട് കുന്ന്—കുഴൽകിണർ	മണ്ണാത്തിക്കടവിൽ പുഴ വെള്ളം ഉപയോഗിച്ച് വാട്ടർ സപ്ലൈ സ്കീം
XII	കുടിവെള്ളക്ഷാമം നേരിടുന്നു—കിലോമീറ്ററുകളും താണ്ടി വെള്ളം കൊണ്ടുവരേണ്ടി വരുന്നു	ALP സ്കൂൾ പരിസരം, പുളേങ്കാട് കോളനി, ഹെൽത്ത് സെൻറർ. കോരാണ്ടി, കണക്കാട്ടുകുഴി, SMLP സ്കൂൾ പരിസരം, കുഴൽകിണറുകളും.	കൊടക്കാപറമ്പിൽ ടാങ്ക് നിർമ്മിച്ച് തുരപ്പുഴയിൽ നിന്നും വെള്ളം അടിച്ച് മിനി സപ്ലൈ സ്കീം

പഞ്ചായത്തിന് സമഗ്രമായൊരു ശുദ്ധജലവിതരണ പദ്ധതി.

വാർഡുകളിൽ നിന്നും ഒട്ടേറെ നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ടെങ്കിലും, എട്ടാംവാർഡിൽ നിന്നും, വന്ന നിർദ്ദേശം, വിപുലീകരിച്ചു നടപ്പാക്കിയാൽ പഞ്ചായത്തിന്നാകെ കുടിവെള്ളമെത്തിക്കാൻ കഴിയും പഞ്ചായത്തിന്റെ ഏകദേശം, മധ്യഭാഗത്തായി എട്ടാംവാർഡിലെ കോട്ടക്കുന്നിൽ ടാങ്ക് കെട്ടി ഉയർന്ന പ്രദേശത്തുള്ള വെട്ടച്ചുരുക്കും ഭാഗത്തുനിന്നും വെള്ളം അടിച്ചു കയറ്റാൻ കഴിയും, ഇവിടെ നിന്നും പൈപ്പിട്ട് പഞ്ചായത്തിലാകെ ജലവിതരണം നടത്താൻ കഴിയും. സൂക്ഷ്മമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ ഒൻപതാം പദ്ധതിയിലെ ആദ്യത്തെ പരിപാടിയായി ഈ പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ പണി നടന്നിരുന്ന പാറൽ പെരുവക്കടവിലെ മിനിവാട്ടർ സപ്ലൈ സ്കീം പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കുകയും നിലവിലുള്ള ടാങ്ക് അല്പം ഉയർത്തി കൂടുതൽ സ്ഥലത്തേക്ക് പൈപ്പ്‌ലൈൻ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

ആരോഗ്യം

പഞ്ചായത്തിൽ പാരമ്പര്യമായി ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. ആധുനിക ചികിത്സാ സൗകര്യങ്ങളും നിലവിൽ വരുന്നതുവരെ ഈ കുടുംബങ്ങളെയാണ് ആരോഗ്യ സേവനരംഗത്ത് ആശ്രയിച്ചിരുന്നത്. ഉള്ളാനം തൊടി, അച്ചിരിത്തൊടി, പാറൽ പുരക്കൽ, നെച്ചിയിൽ, മേപ്പുറത്ത്, മങ്ങാട്ടിൽ തുടങ്ങിയ കുടുംബങ്ങളും ഇപ്പോഴും, ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നുണ്ട്.

പഞ്ചായത്തിൽ ഒരു ഗവൺമെന്റ് പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ട്. പത്ത് കിടക്കകളും ഉള്ള ആശുപത്രി സൗകര്യം ഇവിടെ ഉണ്ടെങ്കിലും, വെള്ളവും, വെളിച്ചവും, ജീവനക്കാരുടെ അഭാവവും കാരണം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ഇതു കൂടാതെ ആറ് ഹെൽത്ത് സബ് സെന്ററുകളും, പഞ്ചായത്തിൽ ഉണ്ട് 1965ൽ പാറലിൽ സ്ഥാപിച്ചതാണ് ഇതിൽ ആദ്യത്തേത്. സ്വകാര്യമേഖലയിൽ രണ്ട് അലോപ്പതി ക്ലിനിക്കുകളും, രണ്ട് ആയുർവേദ സെന്ററുകളും പഞ്ചായത്തിലുണ്ട്. കോട്ടക്കൽ ആര്യവൈദ്യ ശാലയുടെയും, നാഗാർജ്ജുനയുടെയും, നെച്ചിയിൽ, അച്ചിരിത്തൊടി കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ശാലകളും, പഞ്ചായത്തിലുണ്ട്. ചികിത്സക്കായി പെരിന്തൽമണ്ണയിലേക്ക് (ശരാശരി 14 കി. മീ.) ദൂരം സഞ്ചരിക്കേണ്ടിവരുന്നു.

നിലവിൽ ഈ സൗകര്യങ്ങളും ഉണ്ടെങ്കിലും ആരോഗ്യരംഗത്ത് വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. 94–95ൽ 5720 പേർ രോഗബാധിതരാണ് (ഇതിൽ ജലജന്യരോഗം 520 വായുജന്യരോഗം 518) 95–96ൽ 4666 പേരും (454/606) രോഗം ബാധിച്ചവരാണ്. പ്രതിരോധ ചികിത്സാ രംഗത്ത് പഞ്ചായത്ത് മുൻപന്തിയിലാണ് ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളും 568 ആണ് ഇവരിൽ പ്രതിരോധ കുത്തിവെയ്പ് നടത്തിയവർ 426.

വിവിധ രോഗങ്ങൾക്ക് ചികിത്സ തേടി ആരോഗ്യ കേന്ദ്രങ്ങളിൽ വരുന്നവരുടെ എണ്ണം കുറവായി വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു 92–93ൽ 8794 പേർ ആരോഗ്യ കേന്ദ്രങ്ങളെ ആശ്രയിച്ചിരുന്നു. 95–96ൽ അത് 6808 ആയി കുറഞ്ഞു.

കുടുംബക്ഷേമ രംഗത്തെ പ്രവർത്തനം പഞ്ചായത്തിൽ നല്ല രീതിൽ നടന്നുവരുന്നതായി കണക്കുകൾ കാണിക്കുന്നു. ജനനനിരക്കും മരണനിരക്കും ഗണ്യമായി കുറക്കാൻ കഴിഞ്ഞ വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്.

(ജനനം—93ൽ 315. 96ൽ 432,)
(മരണം—93ൽ 94. 96ൽ 89)

ഒരു കുട്ടി മാത്രമുള്ള അമ്മമാർ 797ഉം രണ്ട് കുട്ടികളും ഉള്ളവർ 1013 ഉം രണ്ടിൽകൂടുതൽ കുട്ടികളും ഉള്ളവർ 1587ഉം ആണ്. കുടുംബാസൂത്രണ മാർഗ്ഗങ്ങളും സ്വീകരിച്ചവർ 1761 ആണ്. 5 വയസ്സ് വരെയുള്ള കുട്ടികളും 3657 ആണ്. ദമ്പതിമാരുടെ എണ്ണം 3735 ആണ്.

പട്ടിക II

സ്ഥാപനങ്ങൾ

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ താഴെ കൊടുക്കുന്നു.

നമ്പർ	വാർഡ്	സ്ഥാപനം	സ്ഥാപിച്ച വർഷം	ഉദ്യോഗസ്ഥരുടെ എണ്ണം	കെട്ടിടം	പ്രശ്നങ്ങൾ
1.	X	പ്രൈമറി H സെൻറർ ആലിപ്പറമ്പ്	1977	16	സ്വന്തം	വെള്ളമില്ല, കറൻറില്ല.
2.	XII	സബ് സെൻറർ ചോരാണ്ടി	1977	1	,,	കെട്ടിടം സുരക്ഷിതമല്ല, കറൻറില്ല.
3.	V	,, പാറൽ	1965	1	,,	വെള്ളമില്ല. കെട്ടിടം റിപ്പയർ ചെയ്യണം
4.	VIII	,, എടായ്ക്കൽ	1988	1	,,	കറൻറില്ല, വെള്ളമില്ല.
5.	XI	,, കാസ്രം	1994	1	വാടക	സ്വന്തം കെട്ടിടം വേണം.
6.	III	,, മണലായ	1975	1	സ്വന്തം	കറൻറില്ല, വെള്ളമില്ല, കെട്ടിടം റിപ്പയർ ചെയ്യണം.
7.	IV	,, വളാകുളം	1993	1	വാടക	സ്വന്തം കെട്ടിടം വേണം.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം. വനിതാ ഡോക്ടറുടെ സേവനവും അത്യാവശ്യമാണ്. കേന്ദ്രത്തിൽ താമസ സൗകര്യം ഉണ്ട്. ഇത് ഉപയോഗപ്പെടുത്തി ഡോക്ടർമാർ ഇവിടെ താമസിച്ച് ചികിത്സ നടത്തേണ്ടതാണ്. സബ്സെൻറുകളിൽ ആഴ്ചയിൽ ഒരിക്കൽ എങ്കിലും ഡോക്ടർമാർവന്ന് പരിശോധിക്കേണ്ടതാണ്.

പെരിയ രോഗത്തിനും പോലും വൻകിട സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. ഇതിൽ നിന്നും മാറ്റം വരുത്തി സബ്സെൻറുകളെ പരമാവധി ഉപയോഗപ്പെടുത്താൻ ബോധവൽക്കരണം കൂടി ആവശ്യമാണ്. പാരമ്പര്യ വൈദ്യമേഖല കൂടുതൽ ഉപയോഗപ്പെടുത്താൻ കഴിയേണ്ടതാണ്. ഇത്തരം കുടുംബങ്ങൾക്ക് സാമ്പത്തിക സഹായവും വേണ്ട പരിശീലനവും നൽകി അവ സംരക്ഷിക്കാൻ പദ്ധതിവേണം.

പരിസര ശുചിത്വം

ആരോഗ്യ രംഗത്ത് ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട ഒന്നാണ് ശുചിത്വം പല പ്രദേശങ്ങളിലും പല കുടുംബങ്ങളും ഇക്കാര്യത്തിൽ വേണ്ടത്ര ബോധവാൻമാരല്ല എന്നത് പരിശോധിക്കേണ്ട പ്രധാന പ്രശ്നമാണ്. വെള്ളംകെട്ടി കിടക്കുന്ന പ്രദേശങ്ങളും കുടിവെള്ളം മലിനപ്പെടുന്നതും കുടിക്കാനുപയോഗിക്കുന്ന ജലസ്രോതസുകളെ മലിനപ്പെടുത്തുന്നതും തടയേണ്ടതാണ്.

കക്കൂസുകൾ

പഞ്ചായത്തിലെ പകുതിയിലേറെവീടുകളിൽ കക്കൂസ് ഉണ്ട്. പൊതു കക്കൂസുകളും ഒന്നും തന്നെ ഇല്ല. 6721 വീടുകളിൽ 4231 എണ്ണത്തിലും കക്കൂസ് ഉണ്ട്. ബാക്കി കുടുംബങ്ങൾക്ക് കൂടി കക്കൂസ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കേണ്ടതാണ്.

പട്ടിക III പഞ്ചായത്തിന്റെ ആരോഗ്യരംഗം അവലോകനം

വാർഡ്	സ്ഥാപനങ്ങളും സ്വകാര്യ	പൊതു	കാണപ്പെടുന്ന രോഗങ്ങളും	പ്രവർത്തനം വിലയിരുത്തൽ	നിർദ്ദേശം
I					
II	ആശുപത്രി	ഇല്ല	മൃഗ, പനി, ബാല T. B., ചെങ്കണ്ണ്, വയറിളക്കം.	പൊതുമേഖലയിൽ ഒരു സ്ഥാപനവും ഇല്ല. സ്വകാര്യമേഖല മാത്രം.	ആനമങ്ങാട് കേന്ദ്രീകരിച്ച് സബ്-സെൻറും ആയുർവ്വേദ ആശുപത്രിയും സ്ഥാപിക്കുക.
III		IPP സബ്-സെൻറർ	,,	സെൻറിന്റെ പ്രവർത്തനം തൃപ്തികരമല്ല മരുന്നുകളും ലഭ്യമല്ല. വെള്ളവും, വെളിച്ചവും ഇല്ല.	സെൻറിൽ ആഴ്ചയിൽ ഒരിക്കൽ ഡോക്ടർ സന്ദർശിക്കണം ആവശ്യമായ വെള്ളം വെളിച്ചം വേണം മരുന്നുകളും ജീവനക്കാർ വേണം.
IV	[illegible]	സബ്സെൻറർ രേഖയിൽഉണ്ട് പ്രവർത്തനമില്ല	പനി, പെരുണ്ണ്, വയറിളക്കം, മൃഗ.	സബ്സെൻറർ പ്രവർത്തനമില്ല. ആരോഗ്യരംഗത്ത് ഒന്നുംതന്നെയില്ല.	സബ"സെൻറർ പ്രവർത്തിക്കണം ജീവനക്കാർ വേണം.
V		സബ്സെൻറർ	,,	സബ്സെൻറർ ഉണ്ട്. മരുന്ന് ഫസ്റ്റ് എയ്ഡ് സൗകര്യം ഇല്ല. വെള്ളമില്ല.	കൂടുതൽ സൗകര്യങ്ങളും വേണം, വെള്ള സൗകര്യം വേണം ഹീറർ, ഫ്രിഡ്ജ് സെൻറിൽ വേണം.
VI	സ്ഥാപനങ്ങളും ഇല്ല.		ചെങ്കണ്ണ്, ചർദ്ദി, അതിസാരം.	സ്ഥാപനങ്ങളും ഇല്ല. പുഴവെള്ളം മലിനമാക്കുന്നു. പൊതുകുളുസ് ഇല്ല. ചപ്പുചവറുവും പുഴയിൽ ഇടുന്നു.	സബ്സെൻറർ / ഡിസ് പൻസറി വേണം (കുളുസ് പൊതു) നിർമ്മിക്കണം പുഴവെള്ളം സംരക്ഷിക്കാൻ ബോധവൽക്കരണം.
VII	സ്ഥാപനങ്ങളും ഇല്ല.			പ്രവർത്തനമൊന്നും ഇല്ല.	സബ്സെൻറർ വേണം ശക്തമായ ബോധവൽക്കരണം ആവശ്യം കൊതുക [illegible] ആവശ്യം

VIII	സബ്സെൻറർ	പനിയും, ചെങ്കണ്ണും.		ആയുർവ്വേദആശുപത്രി സബ്സെൻറർ വേണം.
IX	സ്ഥാപനങ്ങളം ഇല്ല.			സബ്സെൻറർ, ഡിസ്പെൻസറി.
X	പ്രൈമറി ഹെൽത്ത് സെൻറർ		കെട്ടിടമുണ്ട്, വൈദ്യുതി വിഛേദിച്ചിരിക്കുന്നു. ഡോക്ടർ അടക്കം സ്റ്റാഫില്ല മരുന്നും ഇല്ല. 10 കിടക്കകളം ഉണ്ട്	വൈദ്യുതി വേണം, ഡോക്ടർ സഹിതം പരിശോധന മറ്റു ജീവനക്കാർ വേണം. കേടുവന്ന ഉപകരണങ്ങളം നന്നാക്കണം. വെള്ളം വേണം, കിടത്തി ചികിത്സിക്കാൻ സൗകര്യം ഉപയോഗികും.
XI	സ്ഥാപനങ്ങളം ഇല്ല.			
XII	സബ്സെൻറർ		കെട്ടിടം സുരിക്ഷിതമല്ല ജീവനക്കാരില്ല.	സബ്സെൻറർ വേണം, 10-ം വാർഡിലെ ആശുപത്രി വിപുലപ്പെടുത്തിയാൽ ഉപയോഗിക്കാൻ കഴിയും. കെട്ടിടം സംരക്ഷിക്കണം സഹിതമായി ജീവനക്കാരെ നിയമിക്കണം മറ്റു സൗകര്യങ്ങളം വേണം.

നിർദ്ദേശങ്ങൾ:

1 3000 ജവസംഖ്യക്ക് ഒരു സബ് സെൻറർ സ്ഥാപിക്കുക.

2 സബ്സെൻറുകൾക്ക് കെട്ടിടവും മറ്റു അത്യാവശ്യ ഉപകരണങ്ങളും നൽകുക.

3 PHCക്ക് ഒരു വാഹനം ആവശ്യമാണ്.

4 PHCയിൽ വെള്ളവും, വൈദ്യുതിയും എത്തിക്കുക ഒരു വനിതാഡോക്ടർ അടക്കം ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.

5 സബ് സെൻറുകളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുക. ടെക്നീഷ്യനെ നിയമിക്കുക.

6 പൊതുജനങ്ങൾക്ക് ആരോഗ്യബോധവൽക്കരണം നടത്തുക.

7 ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കാനും, വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, പഞ്ചായത്ത് തലത്തിലും, സബ് സെൻറർ തലത്തിലും ജനകീയ സമിതികൾ രൂപീകരിക്കുക.

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധ അർഹിക്കുന്ന മേഖലയാണ് ആരോഗ്യരംഗം. പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം ശക്തമായ ബോധവൽകരണം നടത്തേണ്ടതും ആവശ്യമാണ്. വിവിധ സന്നദ്ധസംഘടനകളെയും ജനകീയ സമിതികളെയും ഉപയോഗപ്പെടുത്തി സമഗ്രമായ ഒരു ജനകീയ ആരോഗ്യപദ്ധതി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കാൻ കൂട്ടായ്മയിലൂടെ നമുക്കു കഴിയുമെന്നതിൽ സംശയമില്ല.

ഗതാഗതം-ഉദ്ദേശം

ഒരു നാടിന്റെ സമഗ്രമായ വികസനത്തിന്നു് റോഡുകളുടെ പ്രാധാന്യം വളരെ അധികം വിലപ്പെട്ടതാണു്. റോഡുകളുടെ അഭാവംമൂലം സാമൂഹ്യ സാമ്പത്തിക സേവന രംഗങ്ങളിലെ വികസനം മുരടിച്ചുകൊണ്ടിരിക്കയാണു്. ഗതാഗതയോഗ്യമായ റോഡുകൾ ആവിർഭവിച്ചാലെ നമ്മുടെ പഞ്ചായത്തിന്റേയും വിശിഷ്യാ ഓരോ കുടുംബത്തിന്റേയും ചിരകാല അഭിലാഷം സാക്ഷാൽക്കരിക്കപ്പെടുകയുള്ളു.

പഞ്ചായത്തു് രൂപീകൃതമാകുമ്പോൾ പെരിന്തൽമണ്ണ ചെർപ്പുളശ്ശേരി റോഡിന്റെ 7കിലോമീറ്റർ നീളം മാത്രമെ ടാർ ചെയ്ത ഉപയോഗയോഗ്യമായ റോഡു് പഞ്ചായത്തിന്നു് ഉണ്ടായിരുന്നുള്ള. അതിനുശേഷം നിലവിൽവന്ന റോഡിൽ ഏറ്റവും പ്രധാനപ്പെട്ടതു് M L A റോഡായ രണ്ടത്തുരു വെട്ടത്തുരു റോഡാണു്. കരിങ്കല്ലത്താണി കാളികടവുറോഡു് മുമ്പു നിലവിലുണ്ടായിരുന്നതാണെങ്കിലും കുറച്ചു ഭാഗംമാത്രം ടാർ ചെയ്തതല്ലാത്ത ഭൂരിഭാഗം സ്ഥലവും ടാറിടാതെ ഉപയോഗശൂന്യമായി കിടക്കുകയാണു്.

വിവിധ സ്കീമുകളിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി 10കിലോമീറ്റർ റോഡു് ടാർ ചെയ്തിട്ടുണ്ടു്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 98 കിലോമീറ്റർ നീളം റോഡുണ്ടെങ്കിലും ഒന്നും തന്നെ ഉപയോഗയോഗ്യമായതിൽ ഉൾപ്പെടുന്നതല്ല.

പഞ്ചായത്തിൽ ബസ്സ്സ്റ്റാൻഡു് ഒന്നുംതന്നെ ഇല്ല. ഓട്ടോ സ്റ്റാൻഡും ജീപ്പു സ്റ്റാൻഡും മൂന്നു സ്ഥലങ്ങളിൽ ഉണ്ടു്. രണ്ടത്തുരു വെട്ടത്തുരുറോഡു് 7കിലോമീറ്ററും പെരിന്തൽമണ്ണ ചെർപ്പുളശ്ശേരി റോഡിന്റെ സുമാർ 7കിലോമീറ്റർ ദൂരം മാത്രമെ ഗതാഗതത്തിന്നു് യോഗ്യമായതായിട്ടുള്ളു. കാമ്പുറം, ആലിപ്പറമ്പു്, മണലായ എന്നീ ഭാഗങ്ങളിലേക്കു് ബസ്സു് റൂട്ടു് ഉണ്ടെങ്കിലും റോഡിന്റെ ശോചനീയാവസ്ഥ കാരണം പല സമയങ്ങളിലും ബസ്സു് റൂട്ടു് മുടങ്ങുകയും ഇതേകാരണത്താൽ പെർമിറ്റു് കാൻസൽ ചെയ്തു് ബസ്സു് ഓട്ടം നിറുത്തുകയും ചെയ്തു.

റിക്കാർഡുപരമായി റോഡു് നിലവിലുണ്ടെങ്കിലും റോഡിന്റെ ശോചനീയാവസ്ഥ കാരണം യാത്രക്കാക്കു് സമയാസമയങ്ങളിൽ ബസ്സുയാത്രക്കുതടസ്സം വരികയും ബസ്സിൽ കയറിക്കൂടിയാൽ രോഗികളായവരുടെ ആരോഗ്യത്തിന്നു് വളരെ അധികം ഹാനി സംഭവിക്കുകയും ചെയ്യുന്നു. അറ്റകുറ്റപ്പണി നടത്താൻ ഫണ്ടില്ലാത്തതുകൊണ്ടു് എല്ലാ പ്രവർത്തനവും തടസ്സപ്പെട്ടുകയാണു്.

14കിലോമീറ്റർ ടാർ ചെയ്ത റോഡിൽത്തന്നെ അപകടകാരണങ്ങളായ വളവുകളും, റോഡിന്റെ വീതികുറവു്, പാർശ്വങ്ങളിലെ നടപ്പാത ഇല്ലായ്മ എന്നീ വിഷയങ്ങളും പരിഗണിക്കേണ്ടതാണു്.

അത്യാവശ്യമായി റിപ്പയർ ചെയ്യേണ്ടതും നിലവിലുള്ളതുമായ റോഡുകൾ

അവലംബം

നിലവിലുള്ള പഞ്ചായത്തു് റോഡു് റജിസ്റ്ററർ

1 ചോരാണ്ടി പൂക്കാട്ടു് കരിങ്കറ ഹെൽത്തു് സെൻറർ 1_200 K. M
2 ചെത്തനാകുർശി ചെറുകരറോഡു് 1_200 ,,
3 ആനമങ്ങാടു്, മാടമ്പ്രവളാകുളം റോഡു് 1_700 ,,
4 കതിരപ്പാറ മണ്ണാത്തിക്കടവു റോഡു് 1_200 ,,
5 കല്ലുപാലം കൊടക്കാപ്പറമ്പു റോഡു് 2_500 ,,
6 മീമുള്ളി പൂക്കാട്ട കരിങ്കററോഡു് 0_800 ,
7 പൂവ്വത്താണി വട്ടപ്പറമ്പു് രണ്ടതിരിറോഡു് 1_550 ,,
8 S M A L സ്കൂൾ കോട്ടക്കര പള്ളിറോഡു് 0_600 ,,

9	ശ്രുത പാറൽറോഡ്	1_000 KM
10	പാറൽപള്ളിക്കടവ് മണലായ റോഡ്	1_500 ,,
11	ശ്രുത അമ്പലപറമ്പ് റോഡ്	0_200 ,,
12	പുന്നക്കോട് കുന്നമ്മൽക്ഷേത്രം റോഡ്	0_200 ,,
13	ആനമങ്ങാട് മണലായ കൈപ്പള്ളിപാടംറോഡ്	0_600 ,,
14	പൂവത്താണിവട്ടപ്പറമ്പ് പുത്തൻകാവുറോഡ്	0_600 ,,
15	വട്ടപ്പറമ്പ് കപ്പൂരപ്പാടംറോഡ്	0_600 ,,
16	എടത്തറ മണലായ റോഡ്	2_300 ,,
17	കുതിരപ്പാറ മായിൻറോഡ്	0_920 ,,
18	ചെത്തനാകുറിശി കരിയാടികുന്ന മലയിൽറോഡ്	1_000 ,,
19	ആനമങ്ങാട് പുറംപോക്കുറോഡ്	0_300 ,,
20	പാറക്കൽ തവളപ്പാറ കുണ്ടുപറമ്പ് കുഞ്ഞാക്കിക്കുണ്ടുറോഡ്	2_000 ,,
21	ആര്യൻപറമ്പു മരുതലറോഡ്	1_000 ,,
22	മണലായ മയിലാടിക്കുന്നുറോഡ്	1-300 ,,
23	വാഴേങ്ക തവളപ്പാറ റോഡ്	1_500 ,,
24	തൂതപ്പള്ളിക്ക സമീപം പുറമ്പോക്ക റോഡ് (ടിപ്പുസുൽത്താൻറോഡ്)	0-100 ,,
25	എടത്തറ കുന്നക്കാട്ടുകഴി മണലായറോഡ്	0-400 ,,
26	കുനത്തോട് മരുതല റോഡ്	0-800 ,,
27	കുന്നനാത്തുപന്നിക്കുന്നു റോഡ്	1_000 ,,
28	വാഴേങ്കട തെക്കെപ്പുറം സ്കൂൾ കോട്ടക്കുന്നുറോഡ്	0-300 ,,
29	മുഴന്നമണ്ണ ആല്പാറപറമ്പ്റോഡ്	0-800 ,,
30	തവളപ്പാറ ഒറേത്തുപാടംറോഡ്	0-600 ,,
31	വാഴേങ്കട കൊടിയാരംകുന്നു കോരാമ്പിറോഡ്	0_225 ,,
32	നടവാക്കാട്ടുകഴി തോട്ടക്കര പള്ളിയാൽറോഡ്	0_300 ,,
33	ആനമങ്ങാട് മാടമ്പ്ര പച്ചീരി ഹരിജൻകോളനിറോഡ്	0_500 ,,
34	കാരക്കായ്കുന്നു മൂലയിൽപാടം റോഡ്	0_750 ,,
35	കണ്ണത്തുചാള ഹരിജൻകോളനി റോഡ്	0_750 ,,
36	പുന്നക്കുന്നു കുട്ടികാവ്റോഡ്	1_800 ,,
37	കുട്ടേക്കാട്ടുകുളംപൂക്കാട്ടുകുളംറോഡ്	0-840 ,,
38	മുഴന്നമണ്ണ വെറ്റിലക്കുന്നുഹരിജൻ കോളനിറോഡ്	1_200 ,,
39	തെക്കെപ്പുറം കല്ലുപാലം റോഡ്	1_600 KM
40	ആനമങ്ങാട് മാടമ്പ്ര റോഡുമുതൽ മംത്തിൽകുണ്ടുറോഡ്	0_950 ,,
41	പരിയാപുരം ശ്മശാന സ്ഥലത്തേക്കു റോഡ്	0_175 ,,
42	ബിടാത്തിതോട് കുട്ടികാവുറോഡ്	1_800 ,,
43	കൊടയക്കാട്ട് ആറാട്ടുകടവുറോഡ്	0_500 ,,
44	ആനമങ്ങാട് ഗവർമെൻറ് സ്കൂൾ ചെത്തനാകുർശി റോഡ്	0-300 ,,
45	മണലായ നീലാഞ്ചേരിപ്പടി കാക്കുൻകാട്ടുകഴി റോഡ്	0_260 ,,
46	ചെത്തനാകുറിശി കുരിയാടിക്കളം റോഡ്	0-300 ,,
47	വീരാൻകുട്ടിപ്പടി മുച്ചിക്കുന്നു റോഡ്	0-907 ,,
48	ആലിപ്പറമ്പ് ഗവർമെൻറ്സ്കൂൾ തൂപ്പുതംപുഴറോഡ്	1_000 ,,
49	അയ്യപ്പൻകോവിൽ അങ്കനവാടി റോഡ്	0_160 ,,
50	എടത്തറ പള്ളിപ്പടി പരിയാപുരംറോഡ്	0_940 ,,
51	ഒടമലയാറം മാടമ്പകുന്നുറോഡ്	0_850 ,,
52	പാറൽ ഹരിജൻകോളനി റോഡ്	0_650 ,,
53	വട്ടപ്പറമ്പ് ബിടാത്തിതോട് റോഡു	1_500 ,,
54	കുമ്പറകുന്നു ഇഞ്ചിപ്പറമ്പ് റോഡു	1_200 ,,
55	മുച്ചിക്കുന്നു കാവുംകുന്നു പൂണോത്തുറോഡ്	0_450 ,,
56	പാറൽ പെരുവക്കടവുറോഡ്	0_900 ,,
57	കുമ്പൻപാറ പെരുന്നമണ്ണപ്പുഴ റോഡ്	0_450 ,,
58	നീലാഞ്ചേരിപ്പടി കാക്കനങ്ങാട്ടുപടി റോഡു	0_300 ,,
59	കൊടക്കാപറമ്പ് എടത്തറ മണലായറോഡു	0_300 ,,
60	മേലെക്കുണ്ട് കണക്കഞ്ചേരി പുരണ്ണമണ്ണറോഡു	1_250 ,,
61	മലമ്പള്ളക്കുഴി തുവത്തുമല ചോരാണ്ടിറോഡ്	1_140 ,,
62	നെടിയപ്പാടം പൊയ്യക്കൊടിക്കാട് റോഡു	0_235 ,,
63	നേഴ്സറിസ്കൂൾറോഡ്	1_035 ,,
64	കണ്ടൻചിറക്കളം റോഡു	0_495 ,,

65 മഞ്ഞളാംകുന്ന് കർക്കടാംകുന്ന് റോഡ് 0_550 K M
66 കുഞ്ഞക്കിക്കുണ്ട് പടിക്കപറമ്പുറോഡ് 0_280 ,,
67 കീഴ്ക്കാവ് ഹരിജൻകോളനി റോഡ് 1_070 ,,
68 തയ്യകോട് പടിക്ക പറമ്പുറോഡ് 0_375 ,,
69 കാമ്പ്രം പള്ളിപ്പടി കിഴക്കേക്കരറോഡ് 0_620 ,,
70 ചടയൻ നിറവുറോഡ് 0_420 ,,
71 ചുണ്ടക്കേഴി എ എൽ പി സ്കൂൾറോഡ് 0_650 ,,
72 നെല്ലിക്കുന്ന് മേക്കരവുറോഡ് 0_750 ,,
73 പത്തലാഞ്ചേരി വലിയകണ്ടം പറമ്പുറോഡ് 0_365 ,,
74 നെടിയപാടം റോഡ് 0_120 ,,
75 ഒലിയത്തുചാള ഹരിജൻകോളനി റോഡ് 0_600 ,,
76 നെടിയപാടം ചെമ്മലക്കാട്ടറോഡ് 0_450 ,,
77 ഒടക്കളം ഹരിജൻകോളനിറോഡ് 0_200 ,,
78 പാത്തിക്കുന്ന് മണലായ A L P സ്കൂൾറോഡ് 0_200 ,,
79 കോരാമ്പിക്കാട് എരഞ്ഞത്തറ പള്ളിയാൽറോഡ് 0_200 ,,
80 വെറ്റിലക്കുന്ന് നെല്ലേക്കരറോഡ് 0_435 ,,
81 ചെരക്കാട്ടകുന്നുറോഡ് 1_000 ,,
82 മലായിപറമ്പ് പുൽപ്പറത്ത് ഹരിജൻകോളനിറോഡ് 0_420 ,,
83 എടാക്കൽ എ എം എൽ പി സ്കൂൾ റോഡ് 0_450 ,,
84 ഒടമല മാന്ത്രുറോഡ് 0_225 ,,
85 ചെരക്കാട്ടകുന്ന്റോഡ് 0_420 ,,
86 മുഴന്നമണ്ണ ചെമ്മലറോഡ് 0_320 ,,
87 കാരാട്ടമല പൊറാട്ട പടിറോഡ് 0_190 ,,
88 വാഴേങ്കട ഹരിജൻ ശ്മശാനം ജുമാഅത്ത പള്ളിറോഡ് 0_520 ,,
89 പറിയാപുരം കാരാട്ടമലറോഡ് 0_370 ,,
90 ചീരക്കാട്ടകുന്ന് നിലിട്ടിലിറോഡ് 0.110 ,,
91 കണ്ണത്തുചാളറോഡ് 0_145 ,,
92 ചേട്ടൻകോഡ് കഞ്ഞഴികുന്ന്റോഡ് 0_270 ,,
93 നായാടിക്കുന്ന് പാറങ്ങോട്ടറോഡ് 0_475 ,,
94 ചെത്തനാകുശി മുള്ളത്തുറോഡ് 0_335 ,,
95 നോതാജി റോഡ് ചേലാമലറോഡ് 0_420 K M
96 ടാടസ്രക്കുന്ന് വളാങ്കുളം പൂളമില്ലുറോഡ് 0_580 ,,
97 വില്ലേജ് ഓഫീസ് പാക്കത്തുകുണ്ടുറോഡ് 0_320 ,,
98 കണ്ടൻചിറ ശിവക്ഷേത്രംറോഡ് 0_323 ,,
99 പറിയാപുരം കാരാട്ടമലറോഡ് 0_210 ,,

പഞ്ചായത്തിലെ ടാർറോഡുകളുടെ ആകെനീളം 17_2 K M ആകുന്നു. പെരിന്തൽമണ്ണയിൽനിന്നും ചെർപ്പുളശേരി വഴി പാലക്കാട് ഒറപ്പാലം ഭാഗത്തേക്ക് പോകുന്ന സംസ്ഥാന റോഡാണ് റോഡ് ഗതാഗതത്തിൽ ഒന്നാംസ്ഥാനത്ത്.

വിവിധ പദ്ധതികളിലായി നിർമ്മിച്ചിട്ടുള്ള 68_49 K M ജില്ലാതല റോഡുകളും പഞ്ചായത്തിലുണ്ട്. ഈ റോഡുകളിൽ മിക്ക റോഡുകളുടെയും അവസ്ഥ വളരെ പരിതാപകരമാണ്.

നിലവിലുള്ള ജില്ലാതല റോഡുകൾ

1. ആനമങ്ങാട് മുഴന്നമണ്ണറോഡ് ചെറുകര
2. ആനമങ്ങാട് മണലായറോഡ്
3. പാറൽ മണലായ_ഹരിജൻകോളനിറോഡ്
4. എടത്തറ പറിയാപുരംറോഡ്
5. നൂത_എടത്തറ ടിപ്പുസുൽത്താൻറോഡ്
6. വാഴേങ്ക_എടായ്ക്കൽ മൂച്ചിക്കുന്ന്റോഡ്
7. തെക്കെപ്പുറം വില്ലേജ്ഓഫീസ് കൊടക്കാപറമ്പ്റോഡ്
8. വിലേജ്ഓഫീസ് ആലിപറമ്പ് ഹൈസ്ക്കൂൾറോഡ്
9. ബിടാത്തി കളത്തിക്കുണ്ട് ഓടമലറോഡ്
10. പുന്നക്കുന്ന് കളത്തിക്കുണ്ട്റോഡ്
11. ബിടാത്തി ഹെൽത്ത്സെൻറർ പന്നിക്കുന്ന്ഹരിജൻകോളനി
12. വട്ടപ്പറമ്പ് ബിടാത്തിത്തോട്
13. പുവ്വത്താണി കാപ്പുപറമ്പ്റോഡ്
14. പുവ്വത്താണി വട്ടപ്പറമ്പ് രണ്ടിരിതോട് റോഡ്
15. പുന്നക്കുന്ന് സാമൂതിരിക്കളംറോഡ്
16. പുവ്വത്താണി കാളിക്കടവ്റോഡ്

17. കൊടക്കാപറമ്പ് മണ്ണാത്തിക്കടവ്റോഡ്
18. ചോരാണ്ടി_മീമുള്ളി പൂക്കാട്ട കരികര റോഡ്
19. മീമുള്ളി ഹെൽത്ത്സെൻറർറോഡ്
20. കട്ടെക്കാട്ട്കുളം കുന്നക്കാട്ടകുഴിറോഡ്

മേല്പറയുന്നവയാണ് പഞ്ചായത്തിലെ പ്രധാന ജില്ലാതല റോഡുകളും നിലവിലുള്ള ജില്ലാതല റോഡുകളും ഗതാഗതയോഗ്യമല്ല ജനകീയ സഹകരണത്തോടെ ഈ റോഡുകളും അടിയന്തിരമായി ഗതാഗത യോഗ്യമാക്കേണ്ടിയിരിക്കുന്നു.

കാർഷിക വ്യവസായിക പുരോഗതിക്ക് തുടക്കം കുറിക്കുന്നതിന്റെ മുന്നോടിയായി ഈ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതാണ്. പഞ്ചായത്തിൽ M L A റോഡായി അനുവദിക്കപ്പെട്ട പാലോളിപ്പറമ്പ് ചെറുകര റോഡിന്റെപണിനടന്നു കൊണ്ടിരിക്കുന്നു. പാറൽ അമ്മിണിക്കാട്റോഡ്പഞ്ചായത്തിലെ 5 4 7വാർഡുകളിൽകൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട റോഡാണ്. 4ാംവാർഡിന്റെ സമ്പൂർണ്ണ വികസനം സാധ്യമാകണമെങ്കിൽ ഈ റോഡിന്റെ പണി പൂർത്തിയാക്കൽ വളരെ അത്യാവശ്യമാണ്. നിർഭാഗ്യവശാൽ മൂന്ന്തവണ ടെണ്ടർ ചെയ്തിട്ടും പണിപൂർത്തിയാവുന്ന സാഹചര്യം ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ഇതിന്റെ പണിപൂർത്തിയാക്കുന്നതിനു് സർക്കാർ ഭാഗത്തുനിന്നുതന്നെ അടിയന്തിര നടപടികളും സ്വീകരിക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള ജില്ലാതല റോഡുകളും ഭാഗികമായി ടാറിങ്ങ് നടത്തിയത് പൂർത്തീകരിക്കുകയും ടാറിങ്ങ് ചെയ്യാത്തവ പൂർണ്ണമായും ടാറിങ്ങ് നടത്തുകയും വേണം. പാറൽ മണലായ_ഹരിജൻ കോളനിറോഡ് ആനമങ്ങാട്_മണലായ_മുതുകുറശ്ശി റോഡിനോട് ബന്ധിപ്പിച്ച് ടാറിങ്ങ് പൂർത്തിയാക്കണം.

നിലവിലുള്ള ജില്ലാതല റോഡുകളായ തെഴെപറയുന്ന റോഡുകളും രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളിൽപ്പെട്ടതാണ്. ഇവ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ ഏറ്റെടുത്തു് ഗതാഗത യോഗ്യമാക്കണം.

1. ആനമങ്ങാട് മണലായ മുതുകുർശിതോട്
2. പുവ്വത്താണി വട്ടപ്പറമ്പ് മുതിരമണ്ണറോഡ്
3. പുവ്വത്താണി വട്ടപ്പറമ്പ് കാപ്പുപറമ്പ്റോ
4. മൂച്ചികുന്ന് മുതിരമണ്ണറോഡ്
5. പുവ്വത്താണി കാളികടവ് കാറൽമണ്ണറോഡ്

കാളികടവിൽ തൂതപുഴക്ക് ഒരു പാലം നിർമ്മിക്കുകയാണെങ്കിൽ താഴെക്കോട് ആലിപറമ്പ പഞ്ചായത്തിലെയും പാലക്കാട് ജില്ലയിലെ തച്ചനാകര പഞ്ചായത്തിലെയും നിവാസികൾക്ക് ഒരുപോലം ചെർപ്പുളശേരി ഭാഗത്തേക്കുള്ള യാത്രയിൽ ഏകദേശം K Mദൂരം ലാഭിക്കാൻ സാധിക്കും.

മൂന്നാംവാർഡിൽപ്പെട്ട രാമൻചാടി പ്രദേശത്തെ മലപ്പുറം പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഒരു കോസ്വെയെങ്കിലും നിർമ്മിക്കേണ്ടതണ്.

ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്നും കിട്ടിയ നിലവിലുള്ളവ റിപ്പയർ ചെയ്യുന്നതിനും പുതുതായി നിർമ്മിക്കുന്നതിനുമായ റോഡുകളുടെ വിവരം വാർഡ് അടിസ്ഥാനത്തിൽ

| 1 ഹൈസ്കൂൾപടി മലറോഡ്
ഹൈസ്കൂൾപടി അനങ്ങമല്ലിപാടംറോഡ്
ഹൈസ്കൂൾപടി മുഴന്നമണ്ണറോഡ്
എരവിമംഗലം യു. പി. സ്കൂൾ
ആലിക്കൽമുക്കറോ
എരവിമംഗലം യു. പി. സ്കൂൾ മുഴന്നമണ്ണറോ
മുഴന്നമണ്ണ ചേലാമലറോഡ്
ഹൈസ്കൂൾപടി മുണ്ടൻചിറപാടംറോഡ്
ഹൈസ്കൂൾപടി മുള്ളത്തുതൊടി
മുഴന്നമണ്ണറോ
പള്ളിപടി മുഴന്നമണ്ണ മുള്ളത്തുപടിറോഡ്
ഹൈസ്കൂൾ മലഭാഗംറോഡ്
മുഴന്നമണ്ണ നേതാജിറോഡ്

|| പൊന്നള്ളി പെരുവക്കടവുറോഡ്
ഒലിയത്ത് കൃഷ്ണാടാക്കീസ്റോഡ്
ആനമങ്ങാട് വടക്കെച്ചേരിറോഡ്
എടത്തറ കുന്നക്കാട്ടകുഴിറോഡ്
കുന്നക്കാട്ടകുഴി പെരുവക്കടവുറോഡ്

ബന്ധിപ്പിക്കുന്ന പോക്കറ്റ് റോഡ്
പങ്കായപ്പടി-ചോരമ്പറ മൊയ്തുപടി
വൈദ്യർപ്പടി തൊട്ടിപ്പറമ്പുറോഡ്
ആനമങ്ങാട് തെക്കൻസിറ്റിറോഡ്
കുന്നക്കാട്ടുകുഴിറോഡുമായി ബന്ധിപ്പിക്കുക

III നീലാഞ്ചേരി തിരുത്തിൽതോട് റോഡ്
എടത്തറ മണലായറോഡുമായി
ബന്ധിപ്പിക്കുക
മണലായ എം. എൽ. പി. സ്കൂൾറോഡ്
മണലായസ്കൂൾവരെ നീട്ടുക
അമ്പലപ്പടിറോഡ് ടാറിട്ട്
ഗതാഗത യോഗ്യമാക്കുക
എടത്തറ മണലായറോഡ്
മണലായറോഡുമായി ബന്ധിപ്പിക്കുക
മൂച്ചിക്കുന്ന് ഇഞ്ചിപ്പറമ്പ്റോഡ് ചേലാമല
റോഡുമായി ബന്ധിപ്പിക്കുക
ഇണ്ണിക്കാളിത്തൊടി ആത്തുരകുണ്ട്റോഡ്
മണലായ അയ്യപ്പൻ പറമ്പ് ഹരിജൻ
കോളനിറോഡ്
കുണ്ടൻചിറ ഹരിജൻ കോളനി ശ്മശാന
റോഡ് കർക്കിടകകുണ്ടുവരെ നീട്ടുക
ആനമങ്ങാട് സെൻറിറിൽനിന്നും മൂന്നാം
വാർഡിലെ വെള്ളിലപ്പാടത്തേക്ക്
ട്രാക്ടർറോഡ് നിർമ്മിക്കുക
മൂഴാലിപ്പടി പണിക്കർപ്പടിറോഡ്
ചിന്നംപള്ളിയാൽ ബാലവാടിറോഡ്

IV അമ്പലപ്പടി പാലക്കുഴിറോഡ്
നെല്ലിക്കുന്ന് വാളാങ്കുളം റോഡ്
പരിയാപുരം വടക്കെക്കുന്ന്റോഡ്
മാളംകോട്ട മിച്ചഭൂമിറോഡ്
ആളന്മാർതൊടി പാലക്കുഴിറോഡ്
കളപ്പാട്ടപാറ കിഴക്കരറോഡ്
ആര്യൻപറമ്പ് അയിനിക്കുന്ന്റോഡ്
ഓടക്കുളം ഹരിജൻ കോളനിറോഡ്
നീലാഞ്ചേരി ചൂടലക്കണ്ണ്റോഡ്
മയിലുകുന്ന് കോളനിറോഡ്
ഓടക്കുളം ഹരിജൻകോളനിറോഡ്
ഒടമലജാറം മാടമ്പ്റോഡ്
ലക്ഷംവീട് വടക്കേക്കരറോഡ്

V പൊന്നള്ളി പെരുവക്കടവ്റോഡ്
എടത്തറ കുന്നക്കാട്ടുകുഴിറോഡ്
പാറൽ ഹരിജൻ കോളനിറോഡ്

എടത്തറ വെള്ളപ്പോക്കുറോഡ്
എടത്തറ ബസ്സ്റ്റോപ്പ് സ്രാവുള്ള വഴി
ലക്ഷംവീട് കോളനി
പാറൽ, മണലായ ഹരിജൻകോളനി
റോഡിൽ അമ്പലത്തിന്നു
തെക്കുവശമുള്ളറോഡ്
പാറൽ മണലായ പൊന്ന്യാൻകളംറോഡ്
പാറൽ മണലായ റോഡിൽനിന്നും പാറൽ
പാടത്തേക്ക് ഇറങ്ങുന്ന പാങ്കായിറോഡ്
പാറൽ മണലായ ഹരിജൻകോളനിറോഡിൽ
നിന്നും പാടശ്ശേരി കടവിലേക്കുള്ള റോഡ്

VI അമ്പലക്കുന്ന് ഹരിജൻ കോളനി
പൊയ്യക്കൊടിക്കുന്നുറോഡ്
തുതചേരിയിൽ പെരുവകടവുറോഡ്
വക്കീൽപ്പടി കുമ്പാരൻപടിറോഡ്
കുത്തുപറമ്പ് കൊളമ്പിൽ കുഴിയാഡ്റോഡ്

VII പാറൽ തവളപ്പാറ തച്ചങ്ങോട്ട് കോളനിറോഡ്
ചൂൽപ്പുറം ഹരിജൻ കോളനിറോഡ്
അമ്പലക്കുന്ന് മാലായിപ്പറമ്പുറോഡ്
തവളപ്പാറ ഒറേത്തുകുന്നുറോഡ്
ഒറേത്തുകുന്ന് മരുതംകോട് പാടംറോഡ്
ഒറേത്തുകുന്ന് പിലാച്ചേരിപ്പടിറോഡ്
തെക്കെപ്പുറം പള്ളിക്കണ്ണത്തു കോളനിറോഡ്
തെക്കെപ്പുറം നിസ്സാരപ്പള്ളി മലായ്പ്പറമ്പ്—
കലീവകോളനിറോഡ്

VIII കണ്ണത്തുചാല ഹരിജൻകോളനിറോഡ്
വാഴേങ്കടക്ഷേത്രം ഓട്
പുന്നക്കുന്ന് പാറങ്ങാട്ടുകടവ്റോഡ്
ചിരക്കാട്ടുക്കുന്ന് ബിടാത്തി ജുമാമസ്ജിത്
റോഡ്
പണ്ടാരക്കളംകോട്ട ഭഗവതിക്ഷേത്രംറോഡ്
പാണ്ടിക്കടവ് തെയ്യോട്ടുക്കുന്ന്റോഡ്
പന്തലാഞ്ചേരി നായാടിക്കുന്ന്റോഡ്

IX കോരങ്കോട് കാലങ്ങോട്ടുപറമ്പുറോഡ്
കോരങ്ങോട്ട വട്ടപ്പറമ്പ്റോഡ്
വട്ടപ്പറമ്പുമുണ്ടക്കത്തൊടി
ഹരിജൻ കോളനിറോഡ്
കോരങ്ങോട്ടകുന്ന് നെല്ലിക്കുന്ന പറമ്പ്റോഡ്
കളത്തിൽതൊടി ആലുംകുന്നുപറമ്പ്
കോരങ്ങോട്ടപള്ളിയാൽറോഡ്

X ചോരാണ്ടി പെരുമ്പാലറോഡ്
പാണ്ടൻകുഴി പുരണ്ടമണ്ണറോഡ്
തട്ടാൻപള്ളിയാൽ തുപ്പമ്പുഴറോഡ്
തുപ്പൻപുഴ നീരിട്ടിൽറോഡ്
മാനച്ചേരി പെരുമ്പാലപാടംറോഡ്
കാരക്കായ് കണ്ടറോഡ്
കരക്കാത്ത കോളനിറോഡ്
ആലിക്കൽ രാമൻകുഴിപാടംറോഡ്
ആസ്പത്രിപടി വാളലിൽ കന്നറോഡ്
തട്ടാൻപള്ളിയാൽ പാലോളിപറമ്പ്റോഡ്
ഉള്ളാട്ടിൽ കോളനിറോഡ്

XI കാമ്പുറം പുരണ്ടമണ്ണറോഡ്
പള്ളിപ്പടി കാമ്പ്രം മണ്ണാത്തിക്കടവുറോഡ്
കുമ്പൻപാറമൂതിപ്പാടം ഹരിജൻകോളനിറോഡ്
പൊടക്കാട് ചിറയിൽപാടംറോഡ്
തേക്കിൻകാട് കാമ്പ്രംപള്ളിയാൽറോഡ്
പൊടക്കാട് ഹരിജൻകോളനിറോഡ്
കുമ്പൻപാറ ചുഴലിപള്ളിയാൽറോഡ്
കാമ്പ്രംകന്നത്ത കുളംറോഡ്
പെരണ്ടമണ്ണ ഹരിജൻകോളനിറോഡ്
കുമ്പൻപ്പാറ താഴത്തേതിനടിറോഡ്
പൊടക്കാട് കാഞ്ഞിരപള്ളിയാൽറോഡ്
കാമ്പ്രം കൊഴിഞ്ഞുള്ളി കരിങ്കററോഡ്
കാമ്പ്രം നെല്ലിക്കാപ്പാററോഡ്
കാമ്പ്രം ആറാട്ടുകടവുറോഡ്
കുതിരപ്പാറ ചെമ്പക്കുളംറോഡ്
കാമ്പ്രം പാറോത്തിങ്കൽ പള്ളിയാൽറോഡ്

XII മൂത്തേക്കുന്ന് പേരക്കോട് ബിടാത്തിറോഡ്
എ എൽ പി സ്കൂൾ കണ്ണത്തുംചോല
മീമുള്ളിറോഡ്
നടുവക്കാട്ടുകുഴി പാറക്കണ്ണിറോഡ്
കൊടക്കാപറമ്പ് കോട്ടമ്മൽ മദ്രസറോഡ്
കല്ലുപാലം ചിറവരമ്പ് മേപ്പുറത്തുകുന്നറോഡ്
ചോരാണ്ടി തുവത്തുമല
ഹരിജൻകോളനിറോഡ്
കുന്നനാത്ത് പുത്തോട്ടുകുന്ന് മേപ്രത്ത്കുന്ന്
ഹരിജൻകോളനിറോഡ്

പാലങ്ങൾ

VII ഒലിവണ്ണാരകടവിനു സൈഡ്കെട്ടി ഒരുനടപ്പാലം നിർമ്മിക്കുക തച്ചങ്ങോട്ടുകോളനി ഭാഗത്തേക്ക് ഒരുനടപ്പാലം നിർമ്മിക്കുക

XI കാമ്പ്രം മണ്ണാത്തിക്കടവിൽ തുതപ്പുഴക്കുറുകെ ഒരുപാലം നിർമ്മിച്ചാൽ പാലക്കാട് ജില്ലയിലെ കരുവാനാംകുർശി, വെള്ളിനേഴി, ചെർപ്പുളശ്ശേരി, ഒറപ്പാലം, പാലക്കാട് എന്നീസ്ഥലങ്ങളിലേക്കുള്ള യാത്രക്കും തിരിച്ച് പെരിന്തൽമണ്ണയിലേക്കുള്ള യാത്രാദൂരം വളരെ കുറക്കാൻ സാധിക്കും.

IX കോരംകോട് വട്ടപ്പറമ്പുറോഡിൽ കാരപ്പാടം തോടിനുകുറുകെ ഒരുപാലം നിർമ്മിക്കുക.

XII കിളിയത്തൻകുഴി പള്ളിയാലിൽ ഒടവിനുരണ്ടു ഭാഗത്തും ഓരോ നടപ്പാലം നിർമ്മിക്കുക.
പൊട്ടിപ്പാറ എന്നസ്ഥലത്ത് ബിടാത്തിതോടിനുകുറുകെ ഒരുനടപ്പാലം നിർമ്മിക്കുക.

VIII പാങ്ങാട്ടിൽപടിക്കൽ ബിടാത്തിതോടിനു കുറുകെഒരുനടപ്പാലം നിർമ്മിക്കുക.
കോട്ടക്കൽ മദ്രസ്സയുടെ പടിക്കൽ ഒരു നടപ്പാലം നിർമ്മിക്കുക.
പള്ളിയാൽതൊടി പടിക്കൽ ഒരു നടപ്പാലം നിർമ്മിക്കുക.

IX കോരൻകോട്ട ചാലിനു ഒരു നടപ്പാലം നിർമ്മിക്കുക.
കാരപ്പാടം തോടിനുകുറുകെ വലിയായ ഭാഗത്ത് ഒരുനടപ്പാലം നിർമ്മിക്കുക.
പാക്കത്തുതോടിനു കുറുകെ രണ്ടിരിതോടിനു ഭാഗത്ത് ഒരുനടപ്പാലം നിർമ്മിക്കുക.

ഊർജ്ജം

ആധുനിക കാലഘട്ടത്തിൽ എല്ലാ വികസനത്തിന്റെയും അടിസ്ഥാനം വൈദ്യുതിയാണ്. സംസ്ഥാനത്ത് ഈ കാര്യത്തിൽ സ്ഥിരം പ്രതിസന്ധി നേരിടുന്ന കാലഘട്ടത്തിൽ അതിന്റെ ശ്രദ്ധത പതിവുതെറ്റാതെ ഈ പഞ്ചായത്തിലും അനുഭവപ്പെടുന്നു.

പഞ്ചായത്തിൽ മിക്കപ്രദേശത്തും വൈദ്യുതി

എത്തിയിട്ടുണ്ടെങ്കിലും ഇനിയും വൈദ്യുതി എത്താത്ത സ്ഥലങ്ങളും ഉണ്ട്. ഗാർഹികാവശ്യത്തിനായാണ് പ്രധാനമായും വൈദ്യുതി ഉപയോഗിക്കപ്പെടുന്നത്. കാർഷികാവശ്യത്തിനായും വ്യവസായികാവശ്യത്തിനായും വൈദ്യുതി ഉപയോഗപെടുത്തുന്നവരും ഉണ്ട്.

വ്യവസായിക, കാഷ്ികപുരോഗതിയിൽ വൈദ്യുതി ലഭിക്കാനുള്ള ഇന്നത്തെബുദ്ധിമുട്ട് ഈ മേഖലകളെ മുരടിപ്പിച്ചിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള പരിപാടികളും സംസ്ഥാനതലത്തിൽ തന്നെ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

പാചക ആവശ്യങ്ങൾക്ക് പഞ്ചായത്തിൽ വിറകാണ് കൂടുതലും ഉപയോഗപ്പെടുത്തുന്നത്. വിറകിന്റെ ലഭ്യതക്കുറവും, വിലവർദ്ധനയും ഈ രംഗത്തും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ചുരുക്കംവീടുകളിൽ ഗ്യാസ് അടുപ്പ് ഉപയോഗിക്കുന്നതെങ്കിലും വേണ്ടത്ര പ്രചാരണം ലഭിക്കുന്നില്ല. അതിനും പല കാരണങ്ങളും ഉണ്ട്. ഉയർന്ന നിലവാരമുള്ളവരുടെ കുറവ്, ആരോഗ്യകരമായഅടുക്കളയുടെ കുറവ് എന്നിവ ഇതിൽപ്പെടുന്നു.

സാദ്ധ്യതകൾ:

VARD— I

1 മലഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.

2 മുഴന്നമണ്ണ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക

3 വാർഡിൽ എല്ലാഭാഗത്തും തെരുവുവിളക്കുകൾ സ്ഥാപിക്കുക.

4 പറക്കുന്നു ഭാഗത്തേക്ക് വൈദ്യുതിയെത്തിക്കുക

5 തുറക്കൽകുന്നു, പെരടിക്കുഴി, പൂണോത്തുകുന്നു, പുലക്കൽപറമ്പിൽ എന്നീ ഹരിജൻകോളനികൾ വൈദ്യുതീകരിക്കുക.

II ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കണം.

III പ്രധാന കവലകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
കാരാട്ടകുന്നു ഭാഗത്തു വൈദ്യുതി എത്തിച്ചുതരിക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

IV അത്യാവശ്യ സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കണം.

V പൊന്നുള്ളി പെരുവക്കടവ്റോഡ്, പാറൽ മണലായറോഡ് എന്നീഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
പാറൽഹരിജൽ കോളനി, ലക്ഷംവീട്കോളനി എന്നിവിടങ്ങളിൽ 250 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കണം

VI തങ്കയത്തിൽ പയന്തരക്കടവിൽ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കണം.
പ്രധാന കവലകളിൽ സോഡിയം വേപ്പർ ലൈറ്റുകൾ 5എണ്ണം സ്ഥാപിക്കണം.
40 സ്ട്രീറ്റ് ലൈറ്റുകൾ പ്രധാന കവലകളിൽ മേലെഅങ്ങാടി, തൂത, പാറൽ, പെരുവക്കടവ് റോഡ് എന്നീ ഭാഗങ്ങളിൽ സ്ഥാപിക്കുക.

VII പാറൽ–കുത്ത്പാമ്പ് പിലാക്കോറിപ്പടി–പാലക്കുഴി, തച്ചംകോളനി ചൂലിപ്പുറത്ത് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.
അമ്പലക്കുന്ന് ഖലീഫക്കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.
എടായ്ക്കൽ - വാഴേങ്കട തെക്കെപ്പുറം എന്നിസിറ്റികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം. (സോഡിയം വേപ്പർ)
എടായ്ക്കൽ–എ എം. എൽ. പി. സ്കൂൾ വൈദ്യുതികരിക്കണം.

VIII ചിരക്കാട്ടകുന്നു പാക്കത്ത്കുണ്ട് ഭാഗത്തേക്കും കളത്തിൽക്കുണ്ട് ഭാഗത്തേക്കും വൈദ്യുതി എത്തിക്കുക.
ബിടാത്തി–കളത്തിൽകുണ്ട്, പുന്നകുന്ന്–ബിടാത്തി, റേഷൻകടപരിസരം–ബിടാത്തിപാലത്തിനു പരിസരം, കണ്ണത്ത്ചാള ഹരിജൻകോ

ളനി എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലൈറ്റുകൾ സ്ഥാപിക്കുക.

IX 1992-93ൽ മിനിമം ഗ്യാരണ്ടിയിൽ ഉൾപ്പെട്ട കോരംകോട് കളപ്പാട്ടുകുഴി ഭാഗത്തേക്ക് വൈദ്യുതി ലഭിക്കുവാൻ മുൻഗണന നൽകുക. പാക്കത്ത്കുണ്ട് വട്ടപ്പറമ്പ് ഭാഗത്തേക്കും വളാക്കളം ഹരിജൻകോളനിയിലേക്കും വൈദ്യുതി എത്തിക്കുക. വാക്കത്ത്റോഡ്പരിസരം, വട്ടപ്പറമ്പ് ഹജ്മുൽഹുദാമദ്രസ്സ പരിസരം, വട്ടപ്പറമ്പ് ഇസ്സത്തുൽ ഇസ്ലാം മദ്രസ്സ പരിസരം, പുവ്വത്താണി യു. പി. സ്ക്കൂൾഗൈറ്റ്, കോരംകോട് നമസ്ക്കാരപള്ളി പരിസരം, വട്ടപ്പറമ്പ് ബിടാത്തിത്തോട് പരിസരം എന്നിവിടങ്ങളിൽ സോഡിയം വേപ്പർലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

X 1 കട്ടേക്കാട്പറമ്പ് ഇലക്ട്രിഫിക്കേഷൻ മിനിമം ഗ്യാരണ്ടിവെച്ച സ്കീം ടെണ്ടർ ചെയ്ത് നടപ്പാക്കുക

2 പനക്കാംപറമ്പ ഹരിജൻകോളനി, പള്ളിക്കുന്ന് ലക്ഷംവീട് കോളനി കുന്നനാത്ത്തളിക്ഷേത്രം വരെ വൈദ്യുതികരിക്കുക.

3 തുപ്പംപുഴ ഹൈസ്ക്കൂൾ, തോൻ പള്ളിയാൽ കോളനി എന്നിവ വൈദ്യുതികരിക്കുക.

4 കണക്കഞ്ചേരി കോളനി, കുന്നനാത്ത് ഉള്ളാട്ടിൽ കോളനി എന്നിവയിലും വൈദ്യുതി എത്തിക്കുക.

വാർഡിൽ വൈദ്യുതി നിലവിലുള്ള എല്ലാ കവലകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

XI ഉയർന്നപ്രദേശവും സുലഭമായി കാറ്റു ലഭിക്കുന്ന സ്ഥലവുമായതുകൊണ്ട് കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാൻ സാധ്യതയുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

XII മിനിമം ഗ്യാരണ്ടിയിൽ പാസ്സായിട്ടുള്ള കട്ടേക്കാട് പറമ്പ് പദ്ധതി കഴിയുന്നത്രവേഗം നടപ്പിലാക്കുക. പുവ്വത്താണി, കോരംകോട്, പാറക്കണ്ണി മിനിമം ഗ്യാരണ്ടി 92 93ൽ കൊടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉടൻ നടപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മറ്റു പ്രദേശങ്ങളിൽ സുമാർ 100ഓളം വീടുകൾ അപേക്ഷ കൊടുത്തിട്ടില്ല ഇവർക്കും വൈദ്യുതി എത്തിക്കേണ്ടതാണ്. ചേരാണ്ടി കട്ടേക്കാട് റോഡ് ജംഗ്ഷൻ-കൊടക്കാപറമ്പ് പെരുമ്പാലപ്പാറ എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം. പാറക്കണ്ണി എം. എൽ. പി. സ്ക്കൂൾ പരിസരം-മുത്തേംകുന്ന് ജുമാമസ്ജിദ് പരിസരം എന്നിവിടങ്ങളിലും സോഡിയം വേപ്പർ ലൈറ്റുകൾ സ്ഥാപിക്കുക.

സാദ്ധ്യതകൾ

1. വൈദ്യുതി പ്രതിസന്ധികൾ പരിഹരിക്കാൻ സംസ്ഥാനാടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരികരിച്ച് നടപ്പിലാക്കേണ്ടതാണ്.

2. പഞ്ചായത്ത് ഭരണസമിതി അത്യാവശ്യം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി മുൻഘടനാക്രമത്തിൽ പ്രവർത്തിച്ച് ലൈറ്റുകൾ സ്ഥാപിക്കണം.

3. വിറകു് ലഭിക്കുവാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാൻ പൊതുവിതരണ സമ്പ്രദായത്തിൽ വിറകു് ലഭിക്കുവാള്ള സംവിധാനം ഉണ്ടാവണം.

4. ചിലവു് കുറഞ്ഞ അടുപ്പുകൾ നിർമ്മിക്കുന്നതിനു് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനു് വേണ്ട പ്രവർത്തനങ്ങൾക്കു് രൂപം കൊടുക്കുക.

അഡീഷണലായി കൂട്ടിചേർക്കേണ്ട റോഡുകൾ

വാർഡ് തിരിച്ച്

വാർഡ് 11

1 ആനമങ്ങാട് കരിയാർകുന്ന് വഴി കുന്നമ്മൽ ഭഗവതി ക്ഷേത്രത്തിലേക്ക് പോകുന്ന ഗതാഗതയോഗ്യമാക്കുക.

2 കുറപ്പത്ത്കുണ്ട് – അത്തിക്കോട് ദേവസ്വം റോഡ്

3 ആനമങ്ങാട് ട്രാൻസ്ഫോർമറിന്റെ കിഴക്ക ഭാഗത്ത് വാണിൽപടി വഴി കയ്മല പാടത്തേ

ക്ക് ഇറങ്ങുന്ന ഈ വഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കുക

4 എടത്തറ കുന്നക്കാട്ടുകഴി റോഡിൽനിന്നും പുത്തിരിപറമ്പ് ഭാഗത്തേക്ക് പോകുന്ന റോഡ് ഗതാഗത യോഗ്യമാക്കുക

5 വടക്കേ ചേരി പൂമംഗലം പടിവഴി നാലാം വാർഡിലെ റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന് പൂമംഗലം പടിയിൽ പാലം നിർമ്മിക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.

6 ആനമങ്ങാട് സൗത്ത് മലബാർ ബാങ്കിന്റെ പടിഞ്ഞാറു വശത്തുകൂടി മഹാദേവമംഗലം ക്ഷേത്രത്തിനു മുൻവശത്തുകൂടി പാടത്തേക്ക് ഇറങ്ങുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.

വാർഡ് III

1 മോഹനാലയം തെക്കുതൊടി റോഡ്

2 പാറൽ മണലായ ചിന്ത്രം പള്ള്യാൽറോഡ്

3 ചിന്ത്രം പള്ള്യാൽ അംഗനവാടി കോളനി റൗണ്ട് ചെയ്യുന്ന റോഡ് ഗതാഗത യോഗ്യമാക്കുക.

4 കറിക്കാട് പടിയിൽ തോടിനു പാലം നിർമ്മിക്കുക.

വാർഡ് IV

1 അംഗൻവാടി നെല്ലിക്കുന്ന് റോഡ്

2 പരിയാപുരം കുപ്പോട്ടിൽ ഹംസവീടിനു വശത്തു നിന്നും വടക്കേക്കര റോഡ്.

3 ആനപ്പായ ചടയം നിരപ്പ് റോഡ്.
പരിയാപുരം-മദ്രസ്സ റോഡ്

4 മൂച്ചിക്കുന്ന് മേക്കരവ് റോഡ്.

5 ഒടമല എടായ്കൽറോഡ്.

6 ആനമങ്ങാട് പള്ളിപ്പടിറോഡിൽനിന്നും വടക്കേ ചേരി 2-ാം വാർഡ് ബന്ധിപ്പിക്കുന്ന റോഡും പാലവും നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

7 ലക്ഷംവീട്-കുളങ്ങരപ്പാടം-ചുണക്കഴിറോഡ്.

വാർഡ് V

1 പാറൽ റോഡിൽനിന്ന്

വാർഡ് 8

1 പുന്നക്കുന്ന് സാമൂതിരിക്കുളം റോഡ്

2 ബിടാത്തി കുളത്തിൽകണ്ട് റോഡ്

വാർഡ് 12

1 തെഴോട്ട്കുന്നത്ത് ഹരിജൻകോളനിറോഡ്

2 ചോരാണ്ടി കുന്നക്കാട്ടപാടം മീമുള്ളിറോഡ്

3 കുന്നക്കാട്ടുകഴി S M A L P സ്കൂൾറോഡ്

4 പന്നിക്കുന്ന് കോട്ടക്കൽ മദ്രസ കുന്നക്കാട്ടുകഴിറോഡ്

പാലങ്ങൾ

വാർഡ് II

പൂമംഗലപ്പടി പാലം

വാർഡ് III

വെള്ളിലപ്പാടം പറയനരു നടപ്പാലം നിർമ്മിക്കുക.

കറിക്കാട്ടപടിയിൽ തോടിനു പാലം നിർമ്മിക്കുക.

പാർപ്പിടം-സാമൂഹ്യക്ഷേമം

പാർപ്പിടം

ആലിപ്പറമ്പ്, ആനമങ്ങാട് എന്നീ വില്ലേജുകളും ചേർന്നതാണ് ആലിപ്പറമ്പ് പഞ്ചായത്ത്. പഞ്ചായത്തിൽ മൊത്തം 6842വീടുകളും ഉണ്ട്. പഞ്ചായത്തിൽ 6842വീടുകളിൽ ഓടിട്ട ഇടത്തരം വീടുകളാണ് അധികവും പഞ്ചായത്തിൽ ഏകദേശം ആറായിരത്തോളം കുടുംബങ്ങളും ഉണ്ട്. ഇതിൽ അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്ത 1350-ളം വീടുകളും ഉണ്ട്. ഗവൺമെന്റ് സ്വാധീനം കാര്യമായുള്ള ഈ പഞ്ചായത്തിൽ കോൺക്രീറ്റ് വീടുകളും അടുത്ത കാലത്തായി വളരെയധികം ഉയർന്നു വരുന്നുണ്ട്. ഏകദേശം 500ലധികം വീടുകളും കോൺക്രീറ്റു വീടുകളാണ്. ഓലമേഞ്ഞ വീടുകളും 1359എണ്ണമുണ്ട്. ഭവന രഹിതയുടെ എണ്ണവും പഞ്ചായത്തിൽ ഉണ്ട്. വാർഡ് തിരിച്ച് വീടുകളുടെ വിവരം താഴെ കൊടുക്കുന്നു.

(പട്ടിക-1-മറുപുറം)

വീടുകളുടെ തരംതിരിച്ച് പട്ടിക 1

വാർഡ്	ഓല	ഓട്	കോൺക്രീറ്റ്	ആകെ
I	94	545	63	702
II	83	545	144	772
III	90	504	53	647
IV	209	525	21	755
V	91	625	96	812
VI	192	439	51	682
VII	135	476	26	637
VIII	133	306	28	467
IX	127	322	7	456
X	70	332	20	422
XI	135	334	21	490
ആകെ	1359	4953	530	6842

ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്തിന്റെ സ്ഥിതി വളരെ മോശമാണ്. പഞ്ചായത്തിലെ JRYഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച-ഹരിജൻ വീടുകൾ മാത്രമാണ് ഈ രംഗത്തുള്ള നേട്ടം. ജെ. ആർ. വൈ. പദ്ധതി അനുസരിച്ച് 89-90മുതൽ 95-96 വരെ 67വീടുകൾ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ രംഗത്ത് ദുർബല വിഭാഗക്കാർക്ക് വീടുകൾ റിപ്പയർ ചെയ്യുന്നതിനും ആവശ്യമായ വായ്പകളും സഹായങ്ങളും ലഭിക്കുന്നില്ല. ഉദാ:-ലക്ഷം വീട് കോളനികൾ, പഞ്ചായത്തിൽ രണ്ട് ലക്ഷംവീട് കോളനികൾ ഉണ്ട്. (1) അഞ്ചാം വാർഡിലെ പരിയാപുരം ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഈ കോളനിയിലെ വീടുകൾ എല്ലാം തന്നെ പൊട്ടിപൊളിഞ്ഞ് വീഴാറായ സ്ഥിതിയാണ്. ഈ വീടുകൾ റിപ്പയർ ചെയ്യുന്നതിന് സഹായം നൽകേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിൽ നിന്നും വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന സംഖ്യ അപര്യാപ്തമാണ്. കെട്ടിട നിർമ്മാണത്തിന്റെ വിവിധ ചെലവുകൾ വർദ്ധിച്ച സാഹചര്യത്തിൽ ഭവന നിർമ്മാണത്തിനനുവദിക്കുന്ന തുക വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ഭൂരഹിതമായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീടുവെക്കുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിക്കണം.

ഭവന നിർമ്മാണ രംഗത്ത് അടിയന്തിരമായും നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണത്തിന് മാത്രമായി സഹകരണ സംഘം രൂപീകരിക്കുക. ആവശ്യമായ സാമ്പത്തിക സഹായം ഇതിന് അനുവദിക്കുക. സാങ്കേതിക വിദഗ്ദരേയും നിർമ്മാണ തൊഴിലാളികളേയും അടക്കം ഈ സംഘം മുഖേന പരിശീലനം നൽകി രംഗത്തുകൊണ്ടുവരാവുന്നതാണ്.

2. വിവിധ വകുപ്പുകളിൽനിന്നും ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന വായ്പയും ഗ്രാന്റും കാലോചിതമായി വർദ്ധിപ്പിക്കുക.

3. വൻകിട കെട്ടിട നിർമ്മാണം നിയമം മൂലം നിരോധിക്കുക. അവക്ക് പരിധി നിശ്ചയിക്കുക.

4 സർക്കാർ വായ്പക്കുള്ള സാങ്കേതിക പ്രശ്നങ്ങൾ ഒഴിവാക്കുക. വായ്പാ സംഖ്യ വർദ്ധിപ്പിക്കുകയും ഭവന നിർമ്മാണ വായ്പക്ക് പലിശ ഇളവു ചെയ്യുക.

5. ലക്ഷംവീട് കോളനികളിലെ വീടുകൾ റിപ്പയർ ചെയ്യാൻ പദ്ധതി നിശ്ചയിക്കുക.

6. ഹരിജൻ കോളനികളിൽ മുഴുവൻ കുടുംബത്തിനും വീടുകൾക്ക് ഗ്രാന്റ് അനുവദിക്കുക. വീടുകളും പരിസരവും ശരിയായി സംരക്ഷിക്കാൻ ബോധവൽകരണ ക്ലാസ് നടത്തുക.

7. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുക. ഇതിനാവശ്യമായ ബോധവൽകരണവും പരിശീലനവും നൽകുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് സർക്കാർ തലത്തിലുള്ള ഏതാനും പരിപാടികൾ മാത്രമാണ് പഞ്ചായത്തിൽ നടന്നു വന്നിട്ടുള്ളത്. രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ പഞ്ചായത്തിൽ ഉണ്ട്. ആനമങ്ങാട്ടം/ആലിപ്പറമ്പും. ഈ ഓഫീസുകളിലൂടെ I R D P ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി വായ്പകളും സബ്സിഡിയും കൊടുത്തുവരുന്നു. എന്നാൽ ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽകരണക്കുറവ് നിലവിലുള്ള പദ്ധതികളെ കുറിച്ച് സാധാരണക്കാരുടെ അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ കിട്ടായ്ക ഇടത്തട്ട് ചൂഷണം എന്നിവ പദ്ധതി നടത്തിപ്പിനു ദോഷകരമായി ബാധിക്കുന്നു. അനുവദിക്കുന്ന വായ്പകൾ യഥാർത്ഥമായ ആവശ്യത്തിന് ഉപയോഗിക്കാത്തതു കൊണ്ട് ഈരംഗത്ത് ചെലവാക്കുന്ന സംഖ്യ ഉദ്ദേശിച്ച ഫലം ഉളവാക്കുന്നില്ല. (പട്ടികജാതി വികസന വകുപ്പുമുഖാന്തിരം പല പദ്ധതികളും പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. എങ്കിലും പഞ്ചായത്തിലെ

പല കോളനികളിലും അടിസ്ഥാന സൗകര്യങ്ങളും പോലും ഇതുവരെ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. പരിപാടികളെ കുറിച്ച് അറിവില്ലായ്മയും വികസന കോർപ്പറേഷൻ ഓഫീസ് വളരെ ദൂരത്തായതിനാലും ഇക്കാര്യത്തിൽ വളരെയേറെ പ്രയാസം നേരിടുന്നു.

ദാരിദ്ര്യനിർമ്മാർജ്ജന രംഗത്ത് പ്രധാന പ്രവർത്തനം എന്ന നിലയിൽ CBNP യുടെ പ്രവർത്തനം പഞ്ചായത്തിന്റെ ഒന്ന് രണ്ട് പ്രദേശങ്ങളിൽ നല്ല രീതിയിൽ നടന്നു വരുന്നുണ്ട്.

ക്ഷേമനിധികൾ: പെൻഷനുകൾ:

കർഷക തൊഴിലാളി ക്ഷേമനിധിയിൽ ആയിരത്തോളം കർഷക തൊഴിലാളികളും പഞ്ചായത്തിൽനിന്നും അംഗത്വമെടുത്തിട്ടുണ്ട്. പദ്ധതിയിൽചേർന്ന് മരണമടഞ്ഞ തൊഴിലാളികൾക്ക് മരണാനന്തര ആനുകൂല്യം ലഭിച്ചിട്ടുണ്ട്. എന്നാൽ റിട്ടയർമെൻറ് ആനുകൂല്യം ഇതുവരെ ആർക്കും ലഭിച്ചിട്ടില്ല. പ്രസവാനുകൂല്യം, വിദ്യാഭ്യാസത്തിനും, ചികിത്സക്കും ഉള്ള ചിലവ് തുടങ്ങി ഒട്ടേറെ പദ്ധതികളും ഈ ക്ഷേമനിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും അംഗങ്ങൾക്ക് ഈ ആനുകൂല്യം ഒന്നും തന്നെ ലഭിക്കാൻ ഇപ്പോഴും സംവാധാനമില്ല.

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ 100ഓളം പേർ അംഗത്വമെടുത്തിട്ടുണ്ട്. നിർമ്മാണ രംഗത്ത് കൂടുതൽ പേർ പ്രവർത്തിക്കുന്നുണ്ടെങ്കിലും പലരും ഈ പദ്ധതിയിൽ ചേരാൻ തയ്യാറായിട്ടില്ല. ഈ കാര്യത്തെകുറിച്ച് അറിവില്ലായ്മയാണ് പ്രധാന കാരണം.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിലും കുറച്ചുപേർ ചേർന്നിട്ടുണ്ട്. ഈ ക്ഷേമനിധിയിലും അംഗമാകാത്ത ഒട്ടേറെ പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, അഗതിപെൻഷൻ എന്നിവ ലഭിക്കുന്ന കുറച്ചുപേർ പഞ്ചായത്തിൽ ഉണ്ട്. ലഭിക്കാൻ അർഹതയുള്ള ഒട്ടേറെ പേർ ഇനിയും നിലവിൽ ഉണ്ട്.

നിർദ്ദേശങ്ങൾ:-

1. IRDP ഗുണഭോക്താക്കളുടെ അർഹതാ ലിസ്റ്റ് ഒമ്പതാം പദ്ധതിക്കുവേണ്ടി പുനർ സർവ്വെ നടത്തി തയ്യാറാക്കുക.

2. IRDP മുഖേന നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് ബോധവത്ക്കരണം നടത്തുക.

3. IRDP പദ്ധതികളും അവലോകനം ചെയ്യാൻ വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും സമിതികളും രൂപീകരിക്കുക.

4. CBNP പ്രവർത്തനം വ്യാപകമാക്കുകയും CBNP പ്രവർത്തകർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

5. കർഷക തൊഴിലാളി അപകടങ്ങളും പരിഹരിക്കുക. റിട്ടയർമെൻറ് ആനുകൂല്യം, വിദ്യാഭ്യാസ ചികിത്സ തുടങ്ങി ക്ഷേമനിധി വിഭാവനം ചെയ്യുന്ന എല്ലാവിധ ആനുകൂല്യങ്ങളും അംഗങ്ങൾക്ക് ലഭിക്കാൻ സംവിധാനമുണ്ടാക്കുക.

6. ഭൂവുടമാ വിഹിതം പഞ്ചായത്തുകളും മുഖേന പിരിച്ചെടുക്കുക.

7. അംശാദായമടക്കാൻ പഞ്ചായത്തുകളിൽ സംവിധാനം ഉണ്ടാക്കുക.

8 എല്ലാ ക്ഷേമപദ്ധതികളെകുറിച്ചും ബോധവൽക്കരണം നടത്തുകയും എല്ലാതൊഴിലാളികളെയും അംഗങ്ങളാക്കുകയും ചെയ്യുക.

9 എല്ലാത്തരം പെൻഷനുകളും തൊഴിലില്ലായ്മ വേതനവും പഞ്ചായത്തുകൾവഴി നടപ്പിൽ വരുത്തുക.

10 സാമൂഹ്യ ക്ഷേമരംഗത്ത് സന്നദ്ധ സംഘങ്ങളുടെ പ്രവർത്തനം ഉപയോഗപ്പെടുത്തുക.

അംഗനവാടികൾ

സാമൂഹ്യ സേവന രംഗത്ത് അടിസ്ഥാന പ്രവത്തനം നടത്തുന്ന സ്ഥാപനമാണ് അംഗനവാടി നമ്മുടെ പഞ്ചായത്തിൽ 19 അംഗനവാടികളും നിലവിൽ ഉണ്ട്. 1000 ജനസംഖ്യക്ക് ഒന്ന് എന്ന ICDS ന്റെ ലക്ഷ്യത്തിന് വളരെ അകലെയാണ് നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള സ്ഥിതി. നിലവിലുള്ള അംഗനവാടികൾതന്നെ പലതിനും

സ്വന്തമായി കെട്ടിടങ്ങളം ഇല്ല. മറ്റു ഭൗതിക സാഹചര്യങ്ങളും പരിമിതമാണ്. കുട്ടികളെ പരിചരിച്ചും ഗൃഹ സന്ദർശനം നടത്തിയും ഈ മേഖലയിൽ കാര്യമായ പ്രവർത്തനം നടത്തുന്ന അംഗനവാടി പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകളം വളരെ പരിമിതമാണ്.

നിർദ്ദേശങ്ങൾ:-

1 നിലവിലുള്ള അംഗനവാടികൾക്ക് കെട്ടിടവും മറ്റു സൗകര്യവും ഉണ്ടാക്കുക.

2 നിലവിൽ അംഗനവാടികളം ഇല്ലാത്ത സ്ഥലത്ത് പുതിയ അംഗനവാടികളം ആരംഭിക്കുക.

3 കളിപ്പാട്ടങ്ങളം വാങ്ങുന്നതിനും പോഷകാഹാര വിതരണത്തിനും കൂടുതൽ സംഖ്യ അനുവദിക്കുക.

4 അംഗൻവാടി ഹെൽപ്പർമാരെയും വർക്കർമാരെയും സർക്കാർ ജീവനക്കാരാക്കുകയും സേവന വേതന വ്യവസ്ഥകളം ഉയർത്തുകയും ചെയ്യുക.

5 അംഗനവാടി ജീവനക്കാർക്ക് കൂടുതൽ പരിശീലനവും ബോധവൽക്കരണവും നടത്തുക.

പൊതുവിതരണം

പഞ്ചായത്തിലാകെ 13 റേഷൻ ഷാപ്പുകളാണ് നിലവിൽ ഉള്ളത്. റേഷൻ കാർഡ് ഉടമകളുടെ എണ്ണം 5262 ആണ്. മറ്റു പൊതുവിതരണ സ്ഥാപനങ്ങളം ഒന്നംതന്നെ പഞ്ചായത്തിൽ നിലവിൽ ഇല്ല. റേഷൻ ഷാപ്പുകളുടെ വിവരം താഴെ കൊടുക്കുന്നു.

റേഷൻ ഷാപ്പുകളുടെ ആകെ എണ്ണം:	13
കാർഡുടമകളുടെ എണ്ണം:	5262
N/E (വൈദ്യുതീകരിക്കാത്ത വീടുകളം):	3427
E വൈദ്യുതീകരിച്ചത്:	1838
ഗുണഭോക്താക്കളം	
മേജർ:	25686
മൈനർ:	5681
ആകെ:	31317

നിർദ്ദേശങ്ങൾ

1. റേഷൻ ഷാപ്പുകളിലൂടെ മറ്റു നിത്യോപയോഗ സാധനങ്ങളംകൂടി വിതരണം നടത്തുക.

2. റേഷൻ ഷാപ്പില്ലാത്ത സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുക.

3. പൊതുവിതരണരംഗം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് തലത്തിലും റേഷൻഷാപ്പ് തലത്തിലും ജനകീയ സമിതികളം രൂപീകരിക്കുക.

സാമൂഹ്യക്ഷേമ രംഗത്ത് ലഭ്യമായ കണക്കുകളം അനുസരിച്ച് മെച്ചപ്പെട്ട സ്ഥിതിയല്ല നമ്മുടെ പഞ്ചായത്തിനുള്ളത്. വിവിധ വകുപ്പുകളുടെ പദ്ധതികളം ഏകോപിപ്പിച്ചും അർഹരായവർക്ക് ആനുകൂല്യങ്ങളം ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയും സാമൂഹ്യക്ഷേമരംഗത്ത് വൻ മുന്നേറ്റം ഉണ്ടാക്കാൻ നമുക്കു കൂട്ടായി യത്നിക്കാം.

സംസ്കാരം

മികച്ച കലാസാംസ്കാരിക പാരമ്പര്യത്തിൽ അഭിമാനിക്കാവുന്നവരാണ് തൃത്തപ്പുഴയുടെ വടക്കു കിഴക്കു ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന ഈ ഗ്രാമനിവാസികളും സ്വാതന്ത്ര്യ സമരത്തിന്റെ അലയടികളും ഈ അവികസിത പ്രദേശത്തേക്കും എത്തിയതായി ഇവിടെ ജീവിച്ചിരുന്നവരുടെ ജീവിതകഥകളും പറഞ്ഞുതരുന്നു. എൻ. പി. നാരായണൻനായർ, എം. പി. കൃഷ്ണദാസ്, കരിമ്പനക്കൽ പോക്കർസാഹിബ്, കെ. എൻ. മേനോൻ, എൻ. പി. ഉണ്ണീനാപ്പ, പുളിക്കാടൻ പോക്കർ, ശങ്കരനാരായണൻ നമ്പൂതിരി എൻ. പി. കുഞ്ഞിരാമൻനായർ, വാസുദേവൻ നമ്പൂതിരി, നോട്ടാശേരി കാദർമുസ്ല്യാർ, പാലൊളി മൊയ്തീൻമുസ്ല്യാർ തുടങ്ങി പ്രസ്തുത കാലഘട്ടത്തിൽ സാംസ്കാരിക-രാഷ്ട്രീയ രംഗത്ത് നേതൃത്വം വഹിച്ചവർ നിരവധിയുണ്ട്.

ഹിന്ദു മുസ്ലീം ജനവിഭാഗങ്ങളും ഒപ്പത്തിനൊപ്പമുള്ള ഈ പഞ്ചായത്ത് മതപരമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽനിന്നും മോചിതമായി നില്ക്കുന്നു. പ്രസിദ്ധമായ തൃത്തപൂരത്തിലും കാമ്പ്രം കന്നമ്മൽ താലപ്പൊലി, കളത്തിൽ താലപ്പൊലി, ഒടമല നേർച്ചയിലും പ്രസ്തുത മതവിഭാഗങ്ങളുടെ പരസ്പരൈക്യം കാണാം. ഓണാഘോഷം, നബിദിന പരിപാടികളും എന്നിവ സംയുക്തമായി നടത്തുന്നു. ക്രിസ്ത്യൻ വിഭാഗങ്ങളും വളരെ കുറച്ചേയുള്ളൂ. ക്ഷേത്രങ്ങളും പള്ളികളും ഉണ്ട്. ക്രിസ്ത്യൻപള്ളിയില്ല.

ജൻമിത്വത്തിനെതിരായ പോരാട്ടങ്ങളും ഈ പഞ്ചായത്തിൽ നിരവധി നടന്നിട്ടുണ്ട്. അക്കാലത്ത് ജനങ്ങളുടെ വിദ്യാഭ്യാസവളർച്ചയിലും ഈ ഗ്രാമം മറ്റു പ്രദേശങ്ങളോടൊപ്പം വളർന്നതിന്റെ തെളിവുകളുണ്ട്. 1900നും 1940നും ഇടക്കായി എട്ടോളം പ്രാഥമിക വിദ്യാലയങ്ങളും ഉണ്ടായിരുന്നതായി തെളിവുണ്ട്. സി. പോക്കർമൊല്ല, എൻ. ശങ്കരൻനായർ, കെ. കെ. കട്ടിയമ്മുമൊല്ല, സി. പി കുഞ്ഞഹമ്മദ്മൊല്ല എന്നിവർ പ്രത്യേകം ഓർമ്മിക്കേണ്ട വിദ്യാഭ്യാസ പ്രവർത്തകരാണ്. ഇന്നും മൊത്തം മൂന്നു ഹൈസ്കൂളുകളടക്കം 17 വിദ്യാലയങ്ങളും ഇവിടെയുണ്ട്.

ചെണ്ട, പരിചമുട്ടുകളി, പൂതംകളി, കോൽക്കളി, ദഫ്മുട്ട്, ചെറുമക്കളി, അറവന, വില്ലുമ്മേൽ തായമ്പക എന്നിവ ഇവിടത്തെ തനതുകലാരൂപങ്ങളാണ്. കഥകളി രംഗത്ത് പേരുകേട്ട വാഴേങ്കട കുഞ്ചുനായർ ഇന്നും ജീവിച്ചിരിക്കുന്ന കേരളത്തിൽ ആലിപ്പറമ്പിന്റെ പേരു പരത്തിയ ശിവരാമപ്പൊതുവാൾ എന്നിവർ ഇവിടത്തുകാരാണെന്നത് അഭിമാനാർഹമാണ്. കേരളത്തിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന വില്ലുമ്മേൽ തായമ്പക ഈ പഞ്ചായത്തിൽ വിവിധ ആഘോഷങ്ങളും ഇന്നും അവതരിപ്പിക്കപ്പെടുന്നുണ്ട്. ടെലിവിഷനിൽതന്നെ അത് ഇവിടത്തുകാർ അവതരിപ്പിക്കുകയുണ്ടായി. സാക്ഷരതാ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടന്നിരുന്നു

മൺപാത്രനിർമ്മാണവും തൊഴിലാക്കിയ ഒരു വിഭാഗം ഇവിടെ പണ്ടേതന്നെ കുടിയേറിപ്പാർത്തിട്ടുണ്ട്. കൂടാതെ എഴുത്തുകാരനായ ഡോ: കെ. പി. കരുണാകരൻ കലാമണ്ഡലം അംബിക എന്നിവർ അറിയപ്പെടുന്നവരാണ്.

പ്രധാനപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്കാരിക രംഗത്ത് വളരെ ഐക്യത്തോടുകൂടിയ പ്രവർത്തനമാണ് നടക്കുന്നത്.

കായിക രംഗം

കായികരംഗത്ത് പേരുകേട്ട കായികതാരങ്ങളും ഈ ഗ്രാമ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. വളർന്നുവരുന്ന കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകാനുള്ള സൗകര്യമില്ലായ്മ പ്രധാന ന്യൂനതയാണ്. പഞ്ചായത്തിൽ പൊതു കളിസ്ഥലം ഇല്ല എന്നതു പോകട്ടെ ഇവിടെയുള്ള മൂന്ന് ഹൈസ്കൂളിൽ രണ്ടു ഹൈസ്കൂളുകളിലും ഗ്രൗണ്ടുകളും പോലുമില്ല.

സ്കൂളുകളിൽ കാര്യക്ഷമമായി പരിശീലനം നൽകുകയും പഞ്ചായത്തടിസ്ഥാനത്തിൽ മൽസരങ്ങളും നടത്താൻ ശ്രമിക്കുകയും ചെയ്താൽ കായിക രംഗത്ത് മികച്ച വളർച്ച നേടാൻ കഴിയുമെന്ന കാര്യത്തിൽ ഇവിടത്തുകാർക്ക് സംശയമില്ല.

പ്രശ്നങ്ങൾ

കലാകായിക സാംസ്കാരിക രംഗങ്ങളം ഇന്നഭി മുഖീകരിക്കുന്ന പ്രശ്നങ്ങളം ഇങ്ങനെ സംഗ്രഹി ക്കാം.

1. 1, 3, 6, 8, 9, 11 വാർഡുകളിൽ വായന ശാലകളം ഇല്ല. സ്വന്തമായി കെട്ടിടങ്ങളും വൈദ്യു തിയും ഇല്ലാത്ത വായനശാലകളം ഉണ്ട്.

ഒന്നാംഘട്ട രണ്ടാംഘട്ട സാക്ഷരതാ പരിപാടി കളം വളരെ സജീവമായി നടന്ന ഒരു പഞ്ചായത്താ ണ് ഇത്. നവസാക്ഷരതകളംക്ക് തുടർ വിദ്യാഭ്യാ സ സൗകര്യം കുറവാണ്.

3. പഞ്ചായത്തിന്റെ ഭൂപ്രകൃതി പഞ്ചായത്തി ലെ ജനങ്ങളുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിനും കൂട്ടാ യ്മകളും വിഘാതമാണ്.

4. രണ്ട് ഗവ: ഹൈസ്കൂളുകളംക്കും പര്യാപ്ത മായ കളിസ്ഥലങ്ങളം ഇല്ല.

5. പഞ്ചായത്തിനു പൊതുവായ കളിസ്ഥലം ഇല്ല.

6. എൽ. പി. സ്കൂളുകൾക്ക് കായിക മത്സര ത്തിൽ പങ്കെടുക്കുവാൻ നിലവിൽ യാതൊരു സംവി ധാനവും ഇല്ല.

7. വിവിധ പ്രദേശങ്ങളിൽ പല കലാ-കാ യിക സമിതിതികളം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഏകോപിപ്പിക്കാനുള്ള സംവിധാനമില്ല.

8. സാമ്പത്തിക സഹായങ്ങളുടെ അപര്യാപ്തത.

പരിഹാരങ്ങളും നിർദ്ദേശങ്ങളും:

1. പഞ്ചായത്ത് യുവജനോത്സവം കാര്യ ക്ഷമമാക്കുക.

2. കാലാസമിതികളം സ്കൂളുകളം വാർഷികാ ഘോഷങ്ങളം നടത്തുക.

3. കലാകാരന്മാർക്ക് അംഗീകാരവും സഹാ യവും പെൻഷനും നൽകുക.

4. പഞ്ചായത്ത് സാംസ്കാരികനിലയത്തി ലും വൈദ്യുതിയുള്ള ഗ്രന്ഥശാലകളിലും T V നല്കുക.

5. പഞ്ചായത്ത് ഭൂപ്രകൃതി പരിഗണിച്ച് രണ്ട് പൊതുകളിസ്ഥലങ്ങളം ഏർപ്പെടുത്തുക.

6. സ്വന്തമായി കെട്ടിടങ്ങളും വൈദ്യുതിയും ഇല്ലാത്ത ഗ്രന്ഥശാലകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

7. പഞ്ചായത്ത് തലത്തിൽ കലാ-കായിക സമിതികളംക്ക് നേതൃത്വം നൽകാൻ പ്രഗത്ഭരടങ്ങിയ സമിതിയെ നിയോഗിക്കുക.

8. സമിതിയിൽ അഫിലിയേറ്റ് ചെയ്യുന്ന സംഘങ്ങൾക്ക് ധനസഹായം നൽകുക.

9. നാടൻ കലകളം സംരക്ഷിക്കുന്നതിന് ഓരോന്നിലും പ്രഗത്ഭരടങ്ങിയ ടീമിന് ധനസഹാ യം നൽകുക. പുതിയ ആളുകൾക്ക് പരിശീലനം നൽകുക.

10. സ്റ്റേജ് കോംപ്ലക്സുകളം സജീവമാക്കുക.

11. മദ്ധ്യ വേനലവധിയിൽ കലാ-കായിക പ്രതിഭകളെ കണ്ടെത്തി പരിശീലന കളരികളം ഏർപ്പെടുത്തുക.

12. ഗ്രാമീണ പുസ്തക പദ്ധതി വിതരണം എല്ലാ വാർഡിലും നടപ്പിലാക്കുക.

13. കമ്യൂണിറ്റിഹാളം സ്ഥാപിക്കുക.

14. വായനശാലകളം ഇല്ലാത്ത വാർഡുകളിൽ സ്ഥാപിക്കുക.

സാംസ്കാരിക രംഗത്ത് പാശ്ചാത്യ ജീർ ണ്ണതകളം കടന്നുകയറുന്നതിന്റെയും, അതുമൂലം നമ്മുടെ നാടിന്റെ മൂല്യങ്ങളം തകരുന്നതിന്റെയും ചിത്രമാണ് നമ്മുടെ മുന്നിലുള്ളത്. ഇതിനെതിരെ കൂട്ടായ്മയിലൂടെ ചെറുത്തുനിൽപ്പ് സംഘടിപ്പി ക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ജാ തീയതേയും, മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ പരസ്പരം പോരടിക്കാത്ത കൂട്ടായ്മയിലൂ ടെ നമ്മുടെ തനത് സംസ്കാരം കാത്തുസൂക്ഷിക്കുന്ന ഒരു ജനതയെ വാർത്തെടുക്കുന്നതിലായിരിക്കട്ടെ നമ്മുടെ ശ്രദ്ധ മുഴവൻ. ഇതായിരിക്കണം സാംസ് കാരിക രംഗത്തെ നമ്മുടെ പഞ്ചായത്തിന്റെ പ്രവർ ത്തനത്തിന്റെ അടിസ്ഥാനം.

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	പേരും വിലാസവും	കെട്ടിടത്തിന്റെ വിവരം	കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം	സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ
1	I	.....	.....	.....	.....
2	II	കൃഷ്ണൻനായർ സ്മാരക വായനശാല	സ്വന്തം കെട്ടിടമുണ്ട് ടി വി ഉണ്ട്	ഗ്രന്ഥാലയം	ഉണ്ട്
3	III	.....	.....	.....	.....
4	IV	പൊതുജന വായനശാല വളാംകുളം	സ്വന്തം കെട്ടിടമില്ല	ഗ്രന്ഥാലയം	ഉണ്ട്
5	IV	പൊതുജന വായനശാല പരിയാപുരം	സ്വന്തം കെട്ടിടമില്ല ആഫിലിയേഷൻ ഇല്ല	ഗ്രന്ഥാലയം	ഇല്ല
6	V	പൊതുജന വായനശാല എടത്തറ	സ്വന്തം കെട്ടിടമുണ്ട് ടി വി ഉണ്ട്	ഗ്രന്ഥാലയം	ഉണ്ട്
7	V	പഞ്ചായത്ത് സാസ്കാരിക നിലയം	സ്വന്തം കെട്ടിടമുണ്ട്	ഗ്രന്ഥാലയം	ഇല്ല
8	VI	.....	.....	.....	.....
9	VII	പൊതുജന വായനശാല	സ്വന്തം കെട്ടിടമുണ്ട് ടി വി ഉണ്ട്	ഗ്രന്ഥാലയം	ഉണ്ട്
10	VIII	.....	.....	.....	.....
11	IX	.....	.....	.....	.....
12	X	യുവകേരള വായനശാല	സ്വന്തം കെട്ടിടമുണ്ട്	ഗ്രന്ഥാലയം	ഉണ്ട്
13	X	പ്രതിഭ വായനശാല	സ്വന്തം കെട്ടിടമില്ല	ഗ്രന്ഥാലയം	ഉണ്ട്
14	XI	.....	.....	.....	.....
15	XII	പൊതുജന വായനശാല	സ്വന്തം കെട്ടിടമുണ്ട് വൈദ്യുതി ഇല്ല	ഗ്രന്ഥാലയം ഗ്രാമീണ പുസ്തക വിതരണ പദ്ധതി ഉണ്ട്	ഉണ്ട്

നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	പേരും വിലാസവും	കെട്ടിടത്തിന്റെ വിവരം	ഏതു സ്ഥാപനത്തോടു് അഫലിയേറ്റ് ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ ലഘുവിവരം
1	I	ഭാവന കലാസമിതി	സ്വന്തം കെട്ടിടമില്ല	.....	വാർഷികാഘോഷങ്ങളും നടത്താറുണ്ട്
2	II	ടൈറോസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	സ്വന്തം കെട്ടിടമുണ്ട് ടി വി ഉണ്ട്	നെഹ്റു യുവകേന്ദ്ര സംഗീത നാടക അക്കാദമി	ദൈനംദിന പ്രവർത്തനങ്ങളും നടത്തുന്നു കലാകായിക മത്സരങ്ങളും നടത്തുന്നു
3	II	ബ്രദേഴ്സ് ക്ലബ്ബ്	സ്വന്തം കെടിടമില്ല ടി വി ഉണ്ട്	.....	സാമൂഹ്യ സാംസ്കാരിക രംഗത്ത് പ്രവർത്തനങ്ങളും നടത്തുന്നു
4	II	ദർശന ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	.....	സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു
5	II	ഡയനാമിക്സ് യൂത്ത് ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	.....	കലാകായിക സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു.
6	III	ശിവശങ്കര സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	രജിസ്റ്റർ ചെയ്യാൻ ശ്രമം നടത്തുന്നു	കായിക കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നു
7	III	സ്വദേശം ആർട്സ് കേന്ദ്ര, മണലായ	സ്വന്തം കെട്ടിടമില്ല	.....	കലാകായിക മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്
8	IV	ചൈതന്യ വളാംകുളം	സ്വന്തം കെട്ടിടമില്ല	.....	കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുന്നു.
9	V	മൈത്രി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	സ്വന്തം കെട്ടിടമുണ്ട്	നെഹ്റു യുവകേന്ദ്ര	കലാകായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. വാർഷികങ്ങളും നടത്തുന്നു
10	V	രാഗം ആർട്സ് & സ്പോർട്സ് ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	നെഹ്റു യുവകേന്ദ്ര	വാർഷികാഘോഷങ്ങളും നടത്താറുണ്ട് സാംസ്കാരിക-സാമൂഹികരംഗങ്ങളിൽ പ്രവർത്തിക്കുന്നു

ക്രമ നമ്പർ	വാർഡ് നമ്പർ	പേരും വിലാസവും	കെട്ടിടത്തിന്റെ വിവരം	ഏതു സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ ലഘുവിവരം
11	V	ശിഖ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	.....	കലാകായിക മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്
12	V	രചന കലാകായിക സമിതി	സ്വന്തം കെട്ടിടമില്ല	നെഹ്റു യുവകേന്ദ്ര	സാമൂഹ്യ–സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു
13	V	പാസ് ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	നെഹ്റു യുവകേന്ദ്ര	കലാകായിക മത്സരങ്ങൾ നടത്തുന്നു
14	VI	സ്റ്റുഡൻസ് സ്പോർട്സ് ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	.....	ടൂർണ്ണമെന്റ് നടത്താറുണ്ട്
15	VII	.....	.....	.....	.....
16	VIII	.....	.....	.....	.....
17	IX	.....	.....	.....	.....
18	X	ഫീനിക്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	.....	കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുന്നു
19	XI	.....	.....	.....	.....
20	XII	വില്ലേജ് യൂത്ത് ക്ലബ്ബ്	സ്വന്തം കെട്ടിടമില്ല	.....	.....

വനിതാ ക്ഷേമം

ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ അയ്യായിരത്തോളം വരുന്ന കുടുംബങ്ങളിൽ ഏകദേശം 52% സ്ത്രീകളാണ്. ഇതിൽ 10% കുടുംബങ്ങളിൽ സ്ത്രീകളുടെ നേതൃത്വത്തിൽ കഴിയുന്നവയാണ്.

വിദ്യഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് കുറവാണ്. എന്നാൽ വിദ്യാലയങ്ങളിലെ അദ്ധ്യാപകരിൽ അധികപേരും സ്ത്രീകളാണ്. സ്കൂളുകളിലും കോളേജുകളിലും ധാരാളം പെൺകുട്ടികളും പഠിക്കുന്നുണ്ട്. ഇടക്കുവെച്ച് പഠനം നിർത്തുന്നവരിൽ അധികവും പെൺകുട്ടികളാണ്. ഈ പഞ്ചായത്തിൽ 3 ഹൈസ്കൂളുകളും ഉള്ളതുകൊണ്ട് അധികപേർക്കും 10–ാംതരം വരെയുള്ള വിദ്യഭ്യാസം നേടുവാൻ കഴിയുന്നു. മിക്ക വിദ്യാലയങ്ങളിലും പെൺകുട്ടികൾക്ക് മാത്രമുള്ള പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും പരിമിതമാണ്.

തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. തൊഴിലെടുക്കുന്ന സ്ത്രീകളിൽ അധികപേരും കൃഷി, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് ഉള്ളത്. പുരുഷൻമാരെ അപേക്ഷിച്ച് ഇവരുടെ കൂലി 40% കുറവാണ്. പരമ്പരാഗത തൊഴിലായ കൊട്ടനെയ്ത്ത്, പായനെയ്ത്ത്, മൺപാത്ര നിർമ്മാണം, പപ്പട നിർമ്മാണം, പനയോലകട നിർമ്മാണം തുടങ്ങിയ രംഗത്തും പ്രവർത്തിക്കുന്നുണ്ട്. അടുത്തകാലത്തായി ആട്ടുമാട്ട വളർത്തൽ തുടങ്ങിയ സ്വയംതൊഴിൽ രംഗത്തും സ്ത്രീകൾ പ്രവർത്തിച്ചു വരുന്നു.

വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീതൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്.. സ്ത്രീകൾ മാത്രം നടത്തുന്ന രണ്ട് നൂൽ നൂൽപ് കേന്ദ്രങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ കേന്ദ്രങ്ങളിൽ പരിമിതമായ സൗകര്യം മാത്രമെയുള്ളു. തൊഴിൽ വ്യാവസായിക മേഖലയിൽ സ്ത്രീകളെ കൊണ്ടുവരാൻ ധാരാളം ബോധവൽക്കരണം നടത്തിയതിരു.

വീട്ടുസാധനങ്ങളും മറ്റും വാങ്ങുവാൻ പോകുന്ന സ്ത്രീകളും കുറവാണ്. വിദ്യഭ്യാസ പരമായ പിന്നോക്കാവസ്ഥയും അച്ചടക്കബോധവും കുടുംബപ്രശ്നങ്ങളും കാരണം ബഹുജന സംഘടകളിലുള്ള സ്ത്രീകളുടെ പങ്കാളിത്തം കുറയുന്നു. ഈ അടുത്ത കാലത്ത് മഹിളാസംഘങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും എന്നിവയിൽ ചുരുക്കം സ്ത്രീകളും പ്രവത്തിക്കുവാൻ മുന്നോട്ട വരുന്നു. എങ്കിലും അവരുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല.

ആരോഗ്യ രംഗത്ത് പ്രവത്തിക്കുന്ന വനിതകളും വിരലിലെണ്ണാവുന്നവർ മാത്രമാണ്. ആസ്പത്രികളിൽ പോകുന്ന രോഗികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇവിടെയുള്ള P H Cയിൽ സ്ത്രീവിദഗ്ദ ഡോക്ടറുടെ അഭാവംകൊണ്ട് ദൂരസ്ഥലങ്ങളെ അഭയം പ്രാപിക്കേണ്ടിവരുന്നു. മദ്യപാനംമൂലം ദുരിതവും യാതനയും അനുഭവിക്കുന്ന നിരവധി വനിതകളുണ്ട്. എന്നാൽ ചാരായ നിരോധനംമൂലം അല്പം ആശ്വാസം ലഭിച്ചിട്ടുണ്ടെങ്കിലും സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുകയും വ്യാജവാറ് കർശനമായി തടയുകയും ചെയ്താൽ മാത്രമേ ഇതിന് പരിഹാരമാവുകയുള്ള. സ്ത്രീധനസമ്പ്രദായം നിലവിലുണ്ടെങ്കിലും അതിന്റെ പേരിലുള്ള പീഡനങ്ങളൊന്നുമില്ല. അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്റുകളും ചില സന്ദർഭങ്ങളിൽ കാണാറുണ്ട്. ഇത്തരത്തിലുള്ള സിനിമാ പ്രദർശനം തടയുന്നതുമൂലം ഇത് പരിഹരിക്കുവാൻ കഴിയും.

അംഗനവാടികളിൽ പ്രവർത്തിക്കുന്ന വനിതാ സാമൂഹ്യ പ്രവർത്തകർ ഇവിടെയുണ്ട്. എന്നാൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കേണ്ട അംഗനവാടികൾക്ക് അനുയോജ്യവും സൗകര്യപ്രദവുമായ കെട്ടിടങ്ങളുടെ അഭാവം ഒരു പ്രശ്നമായി അവശേഷിക്കുന്നു ദാരിദ്ര്യനിർമ്മാജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ചുരുക്കം വനിതകളും ഉണ്ട്. കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ കുറവാണ്.

നിർദ്ദേശങ്ങൾ

1. വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയണം.

2. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് മാത്രം പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

3. പ്രൈമറി ഹെൽത്ത് സെൻററിൽ സ്ത്രീവിദഗ്ദ്ധഡോക്ടറുടെ സേവനവും സബ്ബ് സെൻറുകളിൽ പ്രാഥമിക സൗകര്യങ്ങളും വേണം.

4. തൊഴിൽ വ്യവസായ മേഖലകളിൽ പ്രോത്സാഹനവും ബോധവൽക്കരണവും വേണം.

5. വനിതകൾക്ക് കുടിനിരക്ക് വർദ്ധിപ്പിക്കണം.

6. വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

7. അംഗനവാടികൾക്ക് സൗകര്യപ്രദമായ കെട്ടിടങ്ങൾ വേണം.

8 മഹിളാ സമാജങ്ങൾ സജീവമാക്കണം.

9. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും അവക്ക് സാമ്പത്തിക സഹായം നൽകുകയും വേണം.

10. DWCRA യൂണിറ്റ് വർദ്ധിപ്പിക്കുകയും IRDP വായ്പകൾ നൽകുകയും വേണം.

സഹകരണം

''കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടം തന്നെ പിൻതലമുറക്ക് ഭാഗിച്ചുകൊടുത്തുകൊണ്ട് മരണമടയുന്ന'' ഇന്ത്യൻ കർഷകനെ സഹായിക്കുന്നതിനും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് നമ്മുടെ രാജ്യത്ത് സഹകരണ സംഘങ്ങൾ സ്ഥാപിച്ചുതുടങ്ങിയത്. ആദ്യകാലത്ത് കാർഷിക വായ്പാ സംഘങ്ങൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് സഹകരണ മേഖല കടന്നു ചെല്ലാത്തിടമില്ല. മനുഷ്യന്റെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കൂടി സഹകരണ സംഘങ്ങൾ നിലവിൽ വന്നു കഴിഞ്ഞു. ഇന്ത്യയിൽ കേരളത്തിലാണ് സഹകരണ പ്രസ്ഥാനം കൂടുതൽ അഭിവൃദ്ധി നേടിയത്.

ആലിപ്പറമ്പ് പഞ്ചായത്തിലും സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്, ആലിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്, പാറൽ ക്ഷീരോല്പാദക സഹകരണ സംഘം, ആലിപ്പറമ്പ് ഹരിജൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിങ്ങനെ നാല് സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽകൂടി സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. കാർഷിക വായ്പാ വിതരണമാണ് ബാങ്കുകൾ പ്രധാനമായി ചെയ്തുവരുന്നത്. എങ്കിലും കർഷകന്റെ കുടുവൻ ആവശ്യവും നിറവേറ്റാൻ നിലവിലുള്ള ബാങ്കുകൾക്ക് കഴിയുന്നില്ല. അത് പരിഹരിക്കുന്നതിനായി കൂടുതൽ ധനസഹായം ലഭ്യമാക്കണം. വ്യവസായ-സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പഞ്ചായത്തിൽ ഉണ്ട്. വനിതാ സഹകരണ സംഘങ്ങളും ആരംഭിക്കേണ്ടതാണ്.

ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സഹകരണ സംഘമാണ് ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്. ഐക്യനാണയ സംഘത്തിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. 2-10-61ൽ പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിനു സ്വന്തമായി കെട്ടിടം ഉണ്ട്. തുതയിൽ ഒരു ശാഖയും പ്രവർത്തിച്ചുവരുന്നു. ആനമങ്ങാട് എരവിമംഗലം പാറൽ വില്ലേജുകൾ ചേർന്ന പ്രദേശമാണ് പ്രവർത്തന പരിധി. 7406 മെമ്പർമാർ ഉണ്ട്. 5രൂപയാണ് ഓഹരിവില.

കാർഷിക വായ്പാ വിതരണമാണ് പ്രധാന പ്രവർത്തനം. 2044310ക. കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. അതിനു പുറമെ മറ്റുവായ്പകളായി 1877368രൂപയും വിതരണം ചെയ്തു. സ്വർണ്ണപണയത്തിന്മേലും വായ്പ നൽകുന്നുണ്ട്. ബാങ്കിന്റെ കീഴിൽ പൊതുവിതരണ കേന്ദ്രവും പ്രവർത്തിക്കുന്നു.

ആലിപ്പറമ്പ് സർവ്വീസ് സഹകരണബാങ്ക്

ആലിപ്പറമ്പ് പഞ്ചായത്തിലെ VIII, IX, X, XI, XII വാർഡുകൾ ഉൾപ്പെടുന്ന പ്രദേശമാണ് ഈ ബാങ്കിന്റെ പ്രവർത്തനപരിധി. 22-1-1919ൽ പ്രവർത്തനം ആരംഭിച്ചു. 5250 അംഗങ്ങൾ ഉണ്ട്. 5രൂപയാണ് ഒരു ഓഹരിയുടെ വില. സർക്കാറിനു ഓഹരിയുണ്ട്. 113000 രൂപ ലഭിച്ചു. പരമാവധി കടം എടുക്കാവുന്നത് 15000രൂപയാണ്.

കാർഷിക വായ്പാ സംഘം

ക്രമനമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	നിക്ഷേപം	വായ്പകം		ലാഭമോ നഷ്ടമോ		ജീവനക്കാർ	
							കാർഷികം	കാർഷികേതരം	ലാഭം തുക	നഷ്ടം തുക	സ്ഥിരം	മറ്റുള്ളവർ
1	ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്	1961	ആനമങ്ങാട് വില്ലേജ് എരവിമംഗലം വില്ലേജ് പാറൽ	7406	900990 രൂപ 50 പൈ.	സ്ഥിരം 10181137.65 ഹ്രസ്വകാലം 7125948.59	2044310	18778368				
2	ആലിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്	1919	ആലിപ്പറമ്പ് പഞ്ചായത്തിലെ 8, 9, 10, 11, 12 വാർഡുകൾ	5250	158988 ക.	സ്ഥിരം 480463 ഹ്രസ്വകാലം 340580രൂ. 66 പൈ.	520764 ക.	566897 ക. പണം 775378 ക.				

ആലിപ്പറമ്പ് ഹരിജൻ ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സംഘം

ആലിപറമ്പ് പഞ്ചായത്താണ് ഈ സൊസൈറ്റിയുടെ പ്രവർത്തന പരിധി 25-2-83ൽ ആരംഭിച്ചു. ഒരു ഓഹരിയുടെ വില 40രൂപയാണ്. അംഗീകൃത ഓഹരി മൂലധനം 650000 രൂപയാണ്. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 124800ക യാണ്. ഒരു ലക്ഷം രൂപ സർക്കാർ ഓഹരിയുണ്ട്. ഇഷ്ടിക നിർമ്മാണമാണ് പ്രധാന പ്രവർത്തനം.

പാറൽ ക്ഷീരോൽപാദക സഹകരണ സംഘം

മലപ്പുറം ജില്ലയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിൽ ഒന്നാണിത്. 15-7-1969ൽ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് ആണ് പ്രവർത്തന പരിധി. 955 മെമ്പർമാർ ഉണ്ട്. പ്രതിദിനം 950 ലിറ്റർ പാൽ ശേഖരിക്കുന്നു. ഇതിൽ പകുതിപാൽ പഞ്ചായത്തിന്റെ പുറത്താണ് വില്പന നടത്തുന്നത്. സംഘത്തിന് സ്വന്തമായി കെട്ടിടം ഉണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 ശേഖരണ കേന്ദ്രങ്ങളും ഉണ്ട്. സംഘത്തിൽ ഒരു പാലുൽപ്പന്ന യൂണിറ്റ് പ്രവത്തിച്ചുവരുന്നു. മെമ്പർമാർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. സ്വന്തമായി ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. സർക്കാരിന്റെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അഞ്ച് വർഷക്കാലമായി സംഘത്തിൽ നടന്നു വരുന്നു. അതിന്റെ ഫലമായി നല്ലയിനം കറവുമാടുകളെ ഉണ്ടാക്കുവാനും പാൽ ഉൽപാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷിയും സംഘത്തിൽ നടപ്പിലാക്കിയിരുന്നു. പാൽ കേട്ടുവരാതെ സൂക്ഷിക്കുന്നതിനുള്ള ചെറിയ സംവിധാനം ഉണ്ട്.

പശുവളർത്തൽ ലാഭകരമല്ല എന്ന് കണ്ട് ഒട്ടേറെ പേർ ഈ രംഗത്തുനിന്നും പിന്മാറി തുടങ്ങിയിട്ടുണ്ട്. പുതിയ ആളുകളും ഈ മേഖലയിലേക്ക് വരുവാൻ മടികാണിക്കുന്നു. അനുദിനം കാലിത്തീറ്റയുടെ വില വർദ്ധിക്കുന്നതാണ് പ്രശ്നം. ഒരു ലിറ്റർ പാലിന് ഉല്പാദകന് 9രൂപ സംഘത്തിൽ നിന്നും ലഭിക്കുന്നുണ്ട്. 10രൂപയാണ് വില്പന വില. ക്ഷീര കർഷകരെ സഹായിക്കാൻ വേണ്ട നടപടികളും സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ക്ഷീര സഹകരണ സംഘം

സ്ഥാപനത്തിന്റെ പേര്	പ്രവർത്തനപരിധി	പ്രവർത്തനം ആരംഭിച്ച വർഷം	ആകെ അംഗങ്ങളം	ഓഹരി വില	അംഗീകൃത ഓഹരി മൂലധനം	പിരിഞ്ഞു കിട്ടിയ ഓഹരി സംഖ്യ	ജീവനക്കാർ	
							സ്ഥിരം	താല്ക്കാലികം
പാൽ ക്ഷീരോല്പാദക സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി. 9 (D)	ആലിപ്പറമ്പ് പഞ്ചായത്ത്	1969	955	10ക.	30,000ക.	16058ക.	9	7

ഒരു ദിവസം മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽനിന്നും വിൽക്കുന്നത്	പുറത്തേക്ക് അയക്കുന്നത്
950 to 1000 ലിറ്റർവരെ	425 to 500 ലിറ്റർവരെ	525 to 550 ലിറ്റർവരെ

സഹകരണ മേഖല

ഒന്നാം വാർഡിൽ സഹകരണ സംഘങ്ങളൊന്നും തന്നെയില്ല. ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്കുമായാണ് ജനങ്ങളും ബന്ധപ്പെടുന്നത്. പാറൽ ക്ഷീരസഹകരണ സംഘത്തിലും ഇവിടത്തെ കുറേ പേർ മെമ്പർമാരായുണ്ട്. ഏറെറവുമധികം ജനങ്ങളും മെമ്പർമാരായുള്ളത് ആനമങ്ങാട് സർവ്വീസ് ബേങ്കിലാണ്.

ഇവിടത്തുകാർ ഉൽപ്പാദിപ്പിക്കുന്ന പാൽ 5 KM അകലെയുള്ള പാറൽ ക്ഷീരസഹകരണ സംഘത്തിലാണ് ആളകലം നൽകുന്നത്. വാർഡിൽ ഒരു ക്ഷീരസഹകരണ സംഘം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളും ഉണ്ട്.

സഹകരണ സംഘങ്ങളും രൂപീകരിച്ച് വനിതാ വ്യവസായങ്ങളും, കൊപ്ര വ്യവസായം, കുറുമുല്ല, കോഴിവളർത്തൽ. റബ്ബർബോൾ നിർമ്മാണം തുടങ്ങിയവ നടത്താൻ വാർഡിലെ വനിതകളും തയ്യാറാണ്.

വാർഡ് 2

ആലിപ്പറമ്പ് പഞ്ചായത്തിലെ പ്രധാന കേന്ദ്രമാണ് രണ്ടാം വാർഡ് ഉൾക്കൊള്ളുന്ന ആനമങ്ങാട്. ഒരു സഹകരണ സംഘം മാത്രമാണ് ഈവാർഡിൽ പ്രവർത്തിക്കുന്നത്. ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്. ബാങ്കിന്റെ പ്രവർത്തനം കൂടുതലായി കാർഷിക വായ്പാരംഗത്താണ്. കാർഷിക വായ്പാവിതരണം വ്യാപകമാകുന്നതോടൊപ്പംതന്നെ സഹകരണ സംഘങ്ങളും രൂപീകരിക്കുകയുംവേണം. ഗ്രാമസഭയിൽ ഉയർന്നവന്ന ആവശ്യങ്ങൾ താഴെ കൊടുക്കുന്നു.

1. വിത്ത്, വളം, കീടനാശിനി എന്നിവ ന്യായമായ വിലക്ക് കർഷകർക്ക് ലഭ്യമാക്കാൻ സഹകരണ മേഖലയിൽ ഒരു ഡിപ്പോ ആരംഭിക്കണം.

2. സഹകരണ മേഖലയിൽ ഒരു ആശുപത്രി സ്ഥാപിക്കണം. (ആയുർവ്വേദം)

3. തയ്യൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളെ ഉദ്ദേശിച്ച് തയ്യൽപരിശീലനം നൽകുന്നതിനും നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വേണ്ടി ഒരു വനിത സഹകരണസംഘം രൂപീകരിക്കണം.

4. വാർഡിലെ റബർ കർഷക്കരെ ഉദ്ദേശിച്ച് ഒരു റബർ മാർക്കറ്റിങ്ങ് സൊസൈറ്റി രൂപീകരിക്കണം

5. ഒരു സഹകരണകോളേജ് ആരംഭിക്കണം.

6. അവശ്യ സാധനങ്ങളും ന്യായമായ വിലക്കു ലഭ്യമാക്കാൻ ഒരു കൺസ്യൂമർസ്റ്റോർ സഹകരണ മേഖലയിൽ സ്ഥാപിക്കണം.

വാർഡ് 3

1. കർഷകർക്ക് ആവശ്യമായ വായ്പാതുക സഹകരണ സംഘങ്ങളും മുഖേന നൽകണം.

2. സഹകരണ മേഖലയിൽ ഒരു വളം ഡിപ്പോ തുടങ്ങണം.

3. സഹകരണാടിസ്ഥാനത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് വാർഡിൽ തുടങ്ങണം.

4. സഹകരണ സംഘത്തിന്റെ കീഴിൽ ഒരു കാലിത്തീറ്റ യൂണിറ്റ് വാർഡിൽ സ്ഥാപിക്കണം.

വാർഡ് 4

1. വാർഡിലെ ക്ഷീരോല്പാദകരുടെ പ്രശ്നങ്ങളും പരിഹരിക്കണം. ഈ പ്രദേശം പാറൽ മിൽക്ക് സൊസൈറ്റിയുടെ പരിധിയിൽ ഉൾപ്പെടുന്നു. വാർഡിൽ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും എടുക്കാനുള്ള സൗകര്യം ഉണ്ടാക്കണം,

2. കറവുമാടുകളെ വാങ്ങിക്കാൻ കൂടുതൽ വായ്പ നൽകണം.

3. ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ വാർഡിൽ സ്ഥാപിക്കണം.

4. റെഡിമെയ്ഡ് വസ്ത്രങ്ങളും നിർമ്മിക്കുന്ന ഒരു വനിത സഹകരണ സംഘം രൂപീകരിക്കണം.

5. വളാംകുളം, മാടമ്പറ, ഒടമല, മേക്കടവ്, പരിയാപുരം എന്നീ സ്ഥലങ്ങളിൽ ഗ്രൂപ്പ് ഫാമിങ്ങ് നടപ്പാക്കണം.

വാർഡ് 5

1. സഹകരണ സംഘം മുഖേന കൂടുതൽ വായ്പകളും അനുവദിക്കണം.

2. കാലിത്തീറ്റ ഫാക്ടറി പ്രവർത്തനമാരംഭിക്കാൻ സഹായം വേണം.

3. പുതിയ സഹകരണ സംഘം കേരവിക സനവുമായി ബന്ധപ്പെട്ട് കൊപ്ര സംസ്കരണ സംഘം. പായ്നെയ്ത്ത് ചകിരി ഉൽപന്നങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

സഹകരണം 6

ആലിപറമ്പ് പഞ്ചായത്തിന്റെ പ്രധാന കേന്ദ്രമായ തൂതയിൽ സഹകരണ ബേങ്കിന്റെ ഒരു ശാഖയല്ലാതെ മറ്റൊന്നുമില്ല. താഴെ പറയുന്ന സ്ഥാപനങ്ങൾ തൂതയിൽ (6-ാംവാർഡിൽ വേണം).

വാർഡ് 6

1. ആലിപ്പറമ്പ് പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന പഞ്ചായത്തിന്റെ സെന്ററായ തൂതയിൽ ഒരു സഹകരണ കോളേജ് വേണം.

2. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ആലിപ്പറമ്പ് പഞ്ചായത്തിന്റെ ഒടമല, മണലായ, പാറൽ, എടാക്കൽ, വാഴേങ്കട തുടങ്ങിയ പ്രദേശങ്ങളുടെ സംഗമകേന്ദ്രമായ തൂതയിൽ സഹകരണ ആശുപത്രിക്കുള്ള സാദ്ധ്യതകളേറെയാണ്. ആയത് സ്ഥാപിക്കണം.

3. കേര സഹകരണ സംഘം കൺസ്യൂമർ സ്റ്റോറുകൾ എന്നിവയും വേണം.

വാർഡ് 8

1. വാഴേങ്കട-ബ്ടാത്തി ഇവകളിലായിൽ അനു

യോജ്യമായ സ്ഥലത്ത് ആനമങ്ങാട് സർവ്വ സഹകരണ സംഘത്തിന്റെ ശാഖ ആരംഭിക്കു

2. കാർഷിക വായ്പാപരിധി 5000ക നിന്നും 10000 ആയി വർദ്ധിപ്പിക്കണം.

വാർഡ് 10

1. വാർഡിൽ ഒരു ക്ഷീര സഹകരണ സം ആരംഭിക്കണം.

2. ആലിപ്പറമ്പ് സർവ്വീസ് സഹക ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

വാർഡ് 11

1. ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്ത വേണ്ടത് ചെയ്യണം. പഞ്ചായത്തിന്റെ ഫ ആലിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്കി ക്ക് മാറ്റണം.

2. കൃഷിഭവന്റെ പ്രവർത്തനം പാടശേ കമ്മറ്റിയെ അറിയിക്കണം

3. ഒരു പാൽ കലക്ഷൻ സെൻറർ ആവ മാണ്.

വാർഡ് 12

1. ആലിപ്പറമ്പ് ബാങ്കിന് ആവശ്യമ പ്രവർത്തനമൂലധനം സർക്കാരിൽനിന്നും അനുവ ക്കണം.

2. കൊടക്കാപറമ്പ് കേന്ദ്രമാക്കി ഒരു മൃഗാ ത്രിയും പാൽ സൊസൈറ്റിയും രൂപീകരിക്കണ

3. ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്ക വേണ്ടുന്ന സാമ്പത്തികവും സാങ്കേതികവുമ സഹായ സഹകരണങ്ങളും ചെയ്യണം.

4. വൈദ്യുതിയും ഗതാഗതവും ജലസേ നവും ഏർപ്പെടുത്തിതന്നു ചെറുകിട വ്യവസ സഹകരണ സംഘങ്ങളും ഉണ്ടാക്കി തൊഴിലവ ങ്ങളും സൃഷ്ടിക്കുക.

വാർഡ് 9 സഹകരണം

1. തയ്യൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് പരിശീലനം നൽകുന്നതിനും വിറ്റഴിക്കുന്നതിനും ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുക.

2. സഹകരണ അടിസ്ഥാനത്തിൽ ഒരു കൺസ്യൂമർസ്റ്റോർ സ്ഥാപിക്കുക.

3. സഹകരണ അടിസ്ഥാനത്തിൽ ഒരു വളം ഡിപ്പോ ആരംഭിക്കുക.

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ 224 പട്ടികജാതി കുടുംബങ്ങളുണ്ട്. 15 അംഗീകൃത കോളനികളും 6 അംഗീകരിക്കാനുള്ള കോളനികളുമായി 224 കുടുംബങ്ങളും ബാക്കി കുടുംബങ്ങൾ ഇടകലർന്നുമാണ് ജീവിച്ചു വരുന്നത്. ആകെ 1312 പട്ടികജാതി അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിലും സാമ്പത്തിക രംഗത്തും വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിനും ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല. സാമൂഹ്യരംഗത്ത് നിരവധികാലം ചൂഷണത്തിനും ഇരയായ ഈ വിഭാഗത്തിനു കൂടിക്കിടപ്പവകാശവും കീഴ്വഴക്കത്തിന്റെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽനിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ മതസ്ഥരുടെയും എല്ലാ തരം മേടങ്ങുകളിലും പങ്കെടുപ്പിക്കുകയും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും പൊതു പരിപാടികളിലും അർഹമായ അംഗീകാരം ലഭിക്കുകയും ചെയ്യുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളും കൊണ്ടും പലപ്പോഴും പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ ഇവർക്കു കഴിയുന്നില്ല. എന്നാൽ സർക്കാർ നടപ്പാക്കുന്ന സൗജന്യ പദ്ധതികൊണ്ട് ഭാഗിക ആനുകൂല്യം ഇവർക്കിടയിൽ ഉണ്ടായിട്ടുണ്ട്. കോളനി നിവാസികൾക്കാണ് ഇതിന്റെ നേട്ടം കൂടുതൽ ലഭിക്കുന്നത്. സർക്കാർ അംഗീകൃത കോളനി നിവാസികൾക്ക് പദ്ധതികളുടെ ആനുകൂല്യം ലഭിക്കാതെ പോകുന്നത് വലിയ പ്രശ്നമായാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അംഗീകാരത്തിനു സമർപ്പിച്ച കോളനികൾ എത്രയുംപെട്ടന്ന് അംഗീകരിച്ചുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും പഞ്ചായത്തിൽ മൊത്തം 15%ത്തോളം നിരക്ഷരർ ഉണ്ടെന്നു കണക്കുകൾ കാണിക്കുന്നു. 50% കുട്ടികളെ S S L C വരെ എത്തുന്നുള്ളൂ. S S L Cക്കു ശേഷം തുടർന്നു പഠിക്കാൻ ഭൂരിപക്ഷം വിദ്യാർത്ഥികളും താൽപര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ വിദ്യാഭ്യാസകാര്യത്തിൽ ഇപ്പോഴും വേണ്ടത്ര ശ്രദ്ധാലുക്കളല്ല. കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നതിനാലും സാമ്പത്തിക പരാധീനതകൊണ്ടും താൽപര്യക്കുറവുകൊണ്ടു പഠനം നിർത്തേണ്ടിവന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാസമ്പന്നരായ ആളുകളെയും T V പോലുള്ള ആധുനിക മാധ്യമങ്ങളും ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതു അത്യാവശ്യമാണ്. S S L Cക്കു പരാജയപ്പെട്ടാൽ തുടർന്നു പഠിക്കാൻ ആരും താൽപര്യം കാണിക്കുന്നില്ല. S S L Cക്കു ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥമാറ്റി എടുക്കാൻ നടപടികൾ ആവശ്യമാണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുത്തു ഉപജീവനം കഴിച്ചു വന്നിരുന്നവരാണ് എന്നാൽ അടുത്തകാലത്തായി കാർഷിക മേഖലയിൽ ഉണ്ടായ തകർച്ച തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകൾ തേടിപോകാൻ നിർബ്ബന്ധിതരാവുകയും ചെയ്തു. കൂടുതലും നിർമ്മാണ രംഗത്താണ് ഇന്നു ജോലിചെയ്യുന്നത്. ഈ മേഖലയിൽ സ്ത്രീക്കു 70 രൂപയും പുരുഷനു 125 രൂപയും കൂലി കിട്ടുന്നുണ്ട്. തുച്ഛീകരമായ കൂലി ലഭിക്കുന്നതുകൊണ്ടു പുതിയ തലമുറ പൂർണ്ണമായും കാർഷിക രംഗത്തുനിന്നും മാറി അതുകൊണ്ടുതന്നെ കാർഷികരംഗത്തു തൊഴിലാളികളെ കിട്ടാൻ പ്രയാസമാണ്. സ്ത്രീകൾമാത്രം ചെയ്തിരുന്ന ''നടീൽ'' പോലുള്ള പ്രവൃത്തികൾക്കു തൊഴിലാളികളെ കിട്ടാൻ വളരെ പ്രയാസമാണ്. ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിന്റെ ആവശ്യകത മനസ്സിലാക്കി

കാർഷിക രംഗത്തേക്ക് തൊഴിലാളികളെ ആകഷ്ടി ക്കുന്നതിനും നടപടികളും സ്വീകരിക്കേണ്ടിയി രിക്കുന്നു.

കാർഷി മേഖലകളിൽ സീസണുകളിലാണ് തൊഴിൽ എന്നതുകൊണ്ട് കർഷക തൊഴിലാളിക ളുടെ പ്രധാന തൊഴിലായിരുന്ന പായനെയ്ത്ത് അസംസ്കൃത സാധനമായ കൈതോല സംരക്ഷി ക്കപ്പെടാൻ കഴിയാത്തതിനാൽ ആ തൊഴിലു, തടസ്സ പ്പെട്ടിരിക്കുകയാണ്.

മുള, ഓട എന്നിവ ഉപയോഗിച്ച് കൊട്ട, വട്ടി എന്നിവ ഉണ്ടാക്കി വിൽക്കുന്നവർക്ക് അസംസ്കൃത സാധനങ്ങളുടെ വില താങ്ങാനാവാത്തതിനാലും കൊട്ട, വട്ടി തുടങ്ങിയ വീട്ടുപകരണങ്ങൾ പ്ലാസ്റ്റി ക്കിന്റെ കടന്നുകയറ്റം കാരണം ആവശ്യക്കാരില്ലാ ത്തതിനാലും ഈ തൊഴിലുമായി മുന്നോട്ട് കൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിയാണ്. ഇവർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ മിതമായ വി ലക്ക് ലഭിക്കാനും ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴി ക്കാൻ വിപണന മാർഗ്ഗം കണ്ടെത്തുകയും ചെയ്യേണ്ടി യിരിക്കുന്നു.

കൂലിവേല ചെയ്ത് മാത്രം ഉപജീവനം കഴി ക്കുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പു വരുത്തുക യും പുതിയ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്.

സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന ചിലർ ഈ വിഭാഗത്തിൽ ഉണ്ടെന്നത് സന്തോഷ കരമാണ്.

പാർപ്പിടം

പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹ രിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികളും നടപ്പാക്കി വരുന്ന പദ്ധതി കളും സഹായകമായിട്ടുണ്ട്. ഇന്ന് മിക്കഹരിജൻ കോളനികളും പഴയ ചെറ്റകുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്കും കോളനി ആയി അംഗീകരിക്കാത്തവർക്കും ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവർ പലരും വിവിധ വായ്പകളെടുത്തും വലിയ കട കെണി യിൽ അകപ്പെട്ട പോയിട്ടുണ്ട്. ഭൂമിയുടെ രേഖ ആപ്പീസുകളിൽ പെട്ടപോയതിനാൽ മറ്റ് ആനുകൂല്യ ങ്ങളും ലഭിക്കാത്ത അവസ്ഥയിലാണ്. വീട് നിർ മ്മാണത്തിനു അനുവദിക്കുന്ന തുകയുടെ അപര്യാ പ്തത കാരണം പല വീടുകളും പൂർത്തിയാക്കാതെ കി ടക്കുന്നുണ്ട്. വീട് വെക്കാൻ സ്ഥല മില്ലാത്ത കുടുംബങ്ങൾക്ക് വീടു വെക്കാനാവശ്യമായ സ്ഥ ലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്ര മെ പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയുള്ളു. രണ്ട് കുടുംബങ്ങളും ഒന്നിച്ച് താമസിക്കുന്ന കുടുംബങ്ങൾ ക്ക് പുതിയ പദ്ധതി ആവിഷ്ക്കരിച്ച് പ്രത്യേക വീടുകളും നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബ്ബന്ധമായും അനുവദിച്ചു കൊടുത്ത് പ്രശ്നം പരിഹരിക്കേണ്ട താണ്. ലക്ഷം വീടുകളിലും ചില കോളനികളി ലുംപൊതു കക്കൂസാണ് നിലവിലുള്ളത് ഇത് വ ലിയ പ്രയാസങ്ങളും ഉണ്ടാക്കുന്നു.

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടും ബങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യമായ വീടുകളും കക്കൂസുകളും അനുവദിച്ചുകൊടുക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല. നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികളും കൊഴിഞ്ഞു പോകുന്നു.

2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷികമേഖലകളിൽനിന്നും തൊഴിലാ ളികളും ഒഴിഞ്ഞു പോകുന്നു.

3. തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്കു നീങ്ങുന്നു.

4. എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് വെക്കാൻ സ്ഥലമില്ല. കിട്ടുന്ന ധനസഹായംകൊ ണ്ട് വീട് നിർമ്മിക്കാൻ കഴിയാത്തത് കൊണ്ട് സഹായം ദുർവിനിയോഗം ചെയ്യുന്നു.

5. കോളനികളിൽ കുടിവെള്ളപ്രശ്നം രൂക്ഷ മാണ്. വൈദ്യുതി ഇല്ല. പ്രാഥമിക സൗകര്യങ്ങളും ഇല്ല. പൊതുശ്മശാനമില്ല.

6. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തവരും ഉണ്ട്.

7. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല

8. അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

9. I R D P പോലുള്ള പദ്ധതികളും ഫലപ്രഥമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

11. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്ര ഇല്ല.

12. കട കെണിയിൽ പെട്ടുപോകുന്നു.

സാദ്ധ്യതകൾ

വൈദ്യുതി

പഞ്ചായത്തിൽ കുറച്ച് വീടുകൾക്ക് മാത്രമാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്. മറ്റു വീടുകൾക്ക് വൈദ്യുതി ലഭിക്കാൻ ആവശ്യമായ പദ്ധതികൾ കണ്ടെത്തണം.

കുടിവെള്ളം

കോളനികളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും കുഴൽ കിണറുകളും കുഴിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. ഇതിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം. രണ്ടാം വാർഡിലെ വളാംകുളം കോളനിയിലുള്ള പൊതുകുളം നന്നാക്കി ഈ ഭാഗത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

മൂന്നാം വാർഡിലുള്ള ചിമ്പംപള്ളിയാൽ, കുഞ്ചിറ കോളനി ശ്മശാനം ചുറ്റുമതിൽ നിർമ്മിക്കുകയും ശ്മശാനത്തേക്കുള്ള വഴി സൗകര്യപ്രദമാക്കുകയും ചെയ്യുക.

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാകുന്നതിനും ആവശ്യമായ ബോധവൽക്കരണ പരിപാടികളും അത്യാവശ്യമാണ്. ക്ഷേമപദ്ധതികളും അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാവുന്നതിനും സഹായകമായ രീതിയിൽ നിബന്ധനകളും ലളിതമാക്കേണ്ടതാണ്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന ഹരിജനക്ഷേമവകുപ്പും പട്ടികജാതി കോർപ്പറേഷനും നടപ്പാക്കിവരുന്ന പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിനു വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ.

പട്ടികജാതി-വർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

- കുടിവെള്ള പ്രശ്നം പരിഹരിക്കുക.
- സഹകരണ മേഖലയിൽ ഹോളോബ്രിക്സ്, ഇഷ്ടികനിർമ്മാണം തുടങ്ങിയവ ആരംഭിക്കുക.
- പായ നെയ്ത്ത്, കൊട്ട പരമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായകേന്ദ്രസ്ഥാനത്തിൽ സംഘടിപ്പിക്കുക.
- കാഷ്യൂമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.
- കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
- അഭ്യസ്തവിദ്യർക്ക് പട്ടികജാതി വികസന വകുപ്പ്, ഹരിജൻ കോർപ്പറേഷൻ എന്നീ സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും

വായ്പയുടെ മാനദണ്ഡങ്ങളം ലഘൂകരിച്ച് മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

- പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.
- വീടനിർമ്മാണ ധന സഹായം വർദ്ധിപ്പിക്കുക. വീടുവെക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുക്കുന്നതിനും ധനസഹായം അനുവദിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താവിന് അനുവാദം നൽകുക.
- വീട് പുതുക്കിപ്പണിയുന്നതിനും അറകൂറ പണികഴിക്കും പലിശ രഹിത വായ്പകഴം ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.
- പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസപദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം
- ഓലമേഞ്ഞ വീടുകഴം ഓടിട്ടവീടുകളാക്കി മാറ്റുന്നതിനു മതിയായ പ്രത്യേക ധനസഹായം നൽകുക.
- ശ്മശാനം ഇല്ലാത്ത കോളനികളിൽ ശ്മശാനം നിർമ്മിക്കുക.
- കോളനികളിൽ ബാലവാടി അംഗൻവാടികഴം എന്നിവ ഏർപ്പെടുത്തുക.
- പഞ്ചായത്തിൽ ഒരു ബോർഡിംഗ് സ്കൂഴം സ്ഥാപിക്കുക.
- വായന ശാലകളും ലൈബ്രറികളും സ്ഥാപിക്കുക.
- കോളനികളിൽ ബോധവല്ലര ക്ലാസുകഴം സംഘടിപ്പിക്കുക. T V സെറ്റുകഴം സ്ഥാപിക്കുക.
- അഭ്യസ്തവിദ്യരായവരുടെ സേവനം വിദ്യഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
- മണ്ണൊലിപ്പ് തടയുന്നതിനു പ്രത്യേക പദ്ധതികഴം നടപ്പിലാക്കുക.
- കുടുംബ ബാദ്ധ്യതകൊണ്ടും മറ്റു പല കാരണങ്ങഴംകൊണ്ടും പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിനു ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
- S S L C വരെയും തുടർന്നും പഠനം നടത്തുന്നതിനു പ്രോത്സാഹനം നൽകുന്നതിനു ആവശ്യമായ പദ്ധതികഴം ആസൂത്രണം ചെയ്യുക.
- പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്നതിനു നടപടി സ്വീകരിക്കുക.
- മുഴുവൻ വീടുകഴംക്കും കക്കൂസ് നിർമ്മിക്കുന്നതിനു പദ്ധതി കണ്ടെത്തുക.
- അംഗീകാരം ലഭിക്കാത്ത കോളനികളെ അംഗീകാരം നൽകുക.
- മൂന്നാം വാർഡിലെ ചിമ്പ്രം പള്ളിയാൽ കണ്ടം ചിറ കോളനികളെ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.
- ഹൈസ്കൂഴം വിദ്യാർത്ഥികഴംക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.
- അഞ്ചാം വാർഡിലെ 15ഓളം കുടുംബങ്ങഴംക്ക് അടിയന്തിരമായി പാർപ്പിട സൗകര്യം ഏർപ്പെടുത്തുക.
- ആറാം വാർഡിൽ അമ്പലക്കുന്ന്റോഡ് ഗതാഗതയോഗ്യമാക്കണം,
- പൊന്നുവംകുളം, അമ്പലക്കുന്ന് കോളനികളിലെ ശുദ്ധജലക്ഷാമം തൃത്തപ്പുഴയിൽനിന്നു വെള്ളം സംഭരിച്ച് പരിഹരിക്കാവുന്നതാണ്.
- കണ്ണത്തുചാള ഹരിജൻകോളനി റോഡ് ഗതാഗത യോഗ്യമാക്കണം.
- ഒമ്പതാംവാർഡിലേ വളാംകുളം കോളനിയിൽ 6 കുടുംബങ്ങഴംക്ക് വീട് അനുവദിക്കണം.
- തട്ടാൻ പള്ള്യാൽ കോളനിയിൽ പുതുതായി 10 വീടുകഴം അനുവദിക്കണം.
- പനക്കാമ്പാറ കണക്കഞ്ചേരി കോളനി 6വീടുകഴം വീതം അനുവദിക്കണം.

- പത്തുകൊല്ലം മുമ്പ് വയറിംഗ് കഴിഞ്ഞ പനക്കാമ്പാറ കോളനിയിൽ വൈദ്യുതിയെത്തിക്കണം.
- ഉള്ളാട്ടിൽ കോളനിയിൽ 6 വീടുകളും ആലിക്കൽ കോളനിയിൽ 6വീടും നായാടിക്കുന്ന് കോളനിയിൽ 8വീടും കാരക്കാത്ത് കോളനിയിൽ 5വീടും അനുവദിക്കണം.
- പൂതിവാരിയത്ത് മൂലോണംതൊടി കോളനികളിൽ 8വീതം അനുവദിക്കണം.
- പന്നിക്കുണ്ട് ഹരിജൻ കോളനി വീടില്ലാത്ത 15 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കണം.
- റോഡുകളില്ലാത്ത എല്ലാ കോളനികളിലേക്കും പുതുതായി റോഡ് നിർമ്മിക്കണം.
- ഒന്നാംവാർഡിൽ നാല് കോളനികളിലായി 30 കുടുംബങ്ങൾ വീടില്ലാത്തവരാണ്. അവർക്ക് വീടുനിർമ്മിച്ച് നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

II-ാംവാർഡിൽ

- ഒലിയത്തുകുന്ന് ഹരിജൻ കോളനി
- കുറുപ്പത്തുകുണ്ട് ഹരിജൻകോളനി
- നൊട്ടത്തുകുന്ന് ഹരിജൻകോളനി
- വടക്കേചേരി ഹരിജൻകോളനി
- കുന്നക്കാട്ടുകുഴി ഹരിജൻകോളനി എന്നിവിടങ്ങളിൽ വൈദ്യുതികരിക്കാത്തവ വൈദ്യുതികരിക്കുകയും. സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക. വീടില്ലാത്തവർക്ക് ആവശ്യമായ വീടുകൾ ഏകദേശം 60ഓളം വരും.

IX-ാംവാർഡിൽ വളാക്കളം ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിക്കാൻ സത്വര നടപടി സ്വീകരിക്കുക.

വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾ ഉണ്ടാകാത്തതിന്റെ പ്രധാന കാരണം പഞ്ചായത്തിന്റെ വരുമാനകമ്മിതന്നെയാണ്. 36000ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ പറയത്തക്ക വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. ഇവിടെയുള്ള 30 ചെറുകിട വ്യവസായങ്ങളിൽ അധികവും പരമ്പരാഗതമായി നിലനിന്നുപോരുന്നതാണ്, ?

അതുകൊണ്ട്തന്നെ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ വിപുലീകരിക്കുകയും വൻവ്യവസായങ്ങൾ കൊണ്ടുവരികയും അത്യാവശ്യമാണ്.

വ്യവസായ സെമിനാറുകളോ ബോധവൽക്കരണമോ നടത്തേണ്ടതുണ്ട്. വ്യവസായം നടത്താൻ സന്നദ്ധരായ ആളുകളെ കണ്ടെത്തി, ബാങ്കുകളുടേയും സഹായം ലഭ്യമാക്കിയാൽ ഈ രംഗത്ത് പഞ്ചായത്തിൽ കാര്യമായ മാറ്റം വരുത്താൻ സാധിക്കും.

കൃഷി, കച്ചവടം, ഗാർഹ് എന്നീ മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഈ പഞ്ചായത്തിൽ അധികവും പഞ്ചായത്തിലെ വരുമാനത്തിൽ അധികഭാഗവും ലഭിക്കുന്നത് ഗാർഹ്പണം തന്നെയാണ്

നിലവിള്ള നികുതികളും നൽകാൻ വെറുമൊരു കടമ എന്നതിലുപരി തന്നെ പ്രദേശങ്ങളും കൂടി ഉൾപ്പെടുന്ന പഞ്ചായത്തിന്റെ വികസനത്തിനു ആണെന്നുള്ള ബോധം ജനങ്ങളിൽ വരുത്തുവാനും മനസിലാക്കി കൊടുക്കുകയും ചെയ്യുവാൻ വാർഡ് പ്രതിനിധികളും വികസന സമിതിയംഗങ്ങളും സന്നദ്ധസേവകരെയും ഉൾപ്പെടുത്തി കൂട്ടായ പ്രവർത്തനങ്ങളിലൂടെ എല്ലാവരും എല്ലാവിധ നികുതികളും അടച്ച് ഒരു മാതൃകാ പഞ്ചായത്തായി പ്രഖ്യാപിക്കാൻ കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങളിൽ പഞ്ചായത്തിനു ബഹുദൂരം മുന്നോട്ട പോകാൻ സാധിക്കും.

മേൽപറഞ്ഞകാര്യം പ്രായോഗികമായി നടപ്പാക്കുന്നതിനുവേണ്ട ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും മേഖലകളിൽനിന്നും നികുതി പിരിക്കുവാൻ കഴിയണം.

2. നികുതി നൽകുന്നത് വഴി തങ്ങളുടെ പഞ്ചായത്തിന്റെ വികസനത്തിൽ പങ്കുചേരുകയാണെന്ന ബോധം ജനങ്ങളിൽ വളർത്തി എടുക്കണം.

2a വാർഡ് മെമ്പർമാരെയും, ഗ്രാമവികസന സമിതികളെയും, സന്നദ്ധസംഘടനകളേയും, സാമൂഹ്യ പ്രവർത്തകരേയും ഉൾപ്പെടുത്തി കൊണ്ട് നികുതി വേളകളും, ബോധവൽക്കരണം നികുതി വരാചരണം തുടങ്ങിയ കാര്യങ്ങളും നടത്തുക.

2b നികുതികളും പഞ്ചായത്തിൽ നേരിട്ട് അടക്കുന്ന സംവിധാനത്തിൽനിന്നും മാറ്റം വരുത്തുക. (മേഖലകളിലൂടെ)

3. ചെലവും വിലയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ നികുതി ഒരു കാരണവശാലും ഒരു ഭാരമാവാൻ പാടില്ല.

4. ചുരുങ്ങിയ ശതമാനം നികുതിയാകുമ്പോൾ നികുതി നൽകുവാൻ എല്ലാവരും തൽപരരായിരിക്കും.

5. ജനങ്ങളിൽ ബോധവൽക്കരണവും മറ്റും നടത്തുമ്പോൾ കണക്കുകളും മറ്റും കൃത്യമായി സൂക്ഷിക്കേണ്ടതും അത് ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനം ഉണ്ടായിരിക്കണം.

പട്ടിക-1 വരുമാനത്തിലെ വ്യതിയാനം

തൊഴിൽനികുതി:

പഞ്ചായത്തിൽ നിലവിൽ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും അൺഎയ്ഡഡ് സ്ക്കൂളുകളിൽനിന്നുള്ളവരിൽനിന്നും മാത്രമേ തൊഴിൽനികുതി ലഭിക്കുന്നുള്ള. ആ മേഖലകളിൽ നിന്നല്ലാതെ തൊഴിലാളികളിൽനിന്നും നികുതി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ പഞ്ചായത്തിനു കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും.

മറ്റു മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള ഫലപ്രദമായ ചില നിർദ്ദേശങ്ങൾ താഴെ കാണിക്കുന്നു.

1. മുഴുവൻ തൊഴിലാളികളേയും ഉൾപ്പെടുത്തി സൊസൈറ്റി (ജനറൽ ലേബൽ സൊസൈറ്റി എന്ന പേരിൽ) രൂപീകരിക്കുക. അതുവഴി തൊഴിലാളികൾക്ക് ക്ഷേമവും പഞ്ചായത്തിന് വരുമാനവും വർദ്ധിപ്പിക്കാം.

2. എല്ലാ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൽ ഉൾപ്പെടുത്തുക.

വിനോദ നികുതി:

പഞ്ചായത്തിൽ വിനോദനികുതി ജനങ്ങളിൽ കാര്യമായ വരുമാനം ഉല്പെന്നതൊന്നും പറയാം. ഈ രംഗത്ത് കാര്യമായ മാറ്റം വരുത്തുന്നതിന് വേണ്ട നടപടി സൗകര്യപ്രദമായ വിധത്തിൽ നടപ്പാക്കേണ്ടതാണ്.

കെട്ടിടനികുതി:

ശാസ്ത്രീയമായ രീതിയിൽ കെട്ടിടനികുതി കണക്കാക്കേണ്ടതാണ്

താവിസ്തീർണ്ണം സ്ഥിരഫ്ലോർവില കൂടുതലും ആഡംബരത്തവുമുള്ള സാമഗ്രികളും (ടൈൽസ്, മൊസൈക്ക്, കാപ്പെറ്റ് തുടങ്ങിയവ) ഉപയോഗം തുടങ്ങിയ കാര്യങ്ങളെ മാനദണ്ഡമാക്കി നികുതി ഏർപ്പെടുത്തുന്നതിലൂടെ അനാവശ്യ ദൂർത്ത് ഒഴിവാക്കാനും അതുവഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. കച്ചവടത്തിനും വാടകകാർഡ്ടേഴ്സുകൾ ഉള്ള കെട്ടിടങ്ങൾക്ക് വാടകയുടെ നിശ്ചിത ശതമാനം നികുതി ഇനത്തിൽ ലഭ്യമാക്കുക. ഈ ഇനത്തിലുള്ള നികുതി പിരിച്ചെടുക്കുന്നതിന് ശക്തമായ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

ഭൂനികുതി:

ഭൂനികുതി ഇനത്തിൽ നിലവിലുള്ള സ്രോതസ്സിൽ ഒന്നും തന്നെ ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ ഇനത്തിൽ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്, അതിനാവശ്യമായ നിയമ ഭേദഗതി ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ബാങ്ക് ഫൈനാൻസിയേഴ്സ്:

ഒരു വിജയാ ബാങ്കും മൂന്ന് സർവ്വീസ് സഹകരണ ബാങ്കും ഒരു സൗത്ത് മലബാർ ഗ്രാമീണ ബാങ്കും നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും പഞ്ചായത്തിലെ നിക്ഷേപങ്ങളും ഒന്നുംതന്നെയില്ല നിക്ഷേപങ്ങളും വർദ്ധിപ്പിക്കാൻ വേണ്ടതു ചെയ്യുകയും അതുവഴി കൂടുതൽ വായ്പാ വിതരണത്തിലൂടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളും നടത്തുകയും വേണം. പുതിയ പഞ്ചായത്ത് ആക്ടിന്റെ പ്രകാരം പഞ്ചായത്തുകൾക്ക് വായ്പ എടുക്കാവുന്നതാണ്. ബാങ്ക് നിക്ഷേപത്തിന്റെ 75 ശതമാനം വരെ വായ്പയായി അനുവദിക്കുകയും അതുവഴി വികസന പ്രവർത്തനം നടത്തുകയും വേണം.

കച്ചവട ലൈസൻസ്:

കച്ചവട സ്ഥാപനങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ കച്ചവട ലൈസൻസ് ഫീസ് പിരിക്കാൻ അശാസ്ത്രീയമായ രീതിയാണ് ഇപ്പോഴും അവലംബിക്കുന്നത്. അതിനൊരു മാറ്റം വരുത്തുകയും കച്ചവടത്തിനനുസരിച്ച് സ്ലാബ് സമ്പ്രദായത്തിൽ ഫീസ് ഈടാക്കേണ്ടതുമാണ്.

ഗ്രാമച്ചന്ത മത്സ്യമാർക്കറ്റ്

പഞ്ചായത്തിന്റെ പ്രധാന ടൗണുകളായ ഇരിങ്ങാലക്കുട, ആനന്ദപുരങ്ങൾ മത്സ്യമാർക്കറ്റും ഗ്രാമച്ചന്തയും ആരംഭിക്കേണ്ടതുണ്ട്. എന്നാൽ ധാരാളം പച്ചക്കറി വിളയുന്ന നമ്മുടെ പഞ്ചായത്തിൽ അത് ഇടത്തട്ടുകാരില്ലാതെയും കുറഞ്ഞ ചെലവിലും വിറ്റഴിക്കുന്നതിനും വാങ്ങുന്നതിനും ഇതുമൂലം സാധിക്കും.

ഷോപ്പിംഗ് കോംപ്ലക്സ്

പ്രധാന ടൗണുകളായ ആനന്ദപുരങ്ങൾ, ഇരിങ്ങാലക്കുട, ഓരോ ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങേണ്ടതുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുകയാണെങ്കിൽ പഞ്ചായത്തിന് ഒരു നല്ല വരുമാനം ഇതു മൂലം ലഭിക്കുന്നതാണ്.

തൊഴിലാളി സേവിംഗ്സ് സ്കീം

പഞ്ചായത്തിലെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി അവർ തുടങ്ങുന്ന വികസന സംരംഭങ്ങൾ തുടങ്ങുന്നതിനും

പരമാവധി സമ്പാദ്യനിക്ഷേപം ഉണ്ടാക്കിയെടുക്കണം. പഞ്ചായത്തിലെ സാമ്പാദ്യ നിക്ഷേപങ്ങളുടെ നിശ്ചിത ശതമാനം പഞ്ചായത്തിനുതന്നെ ലഭിക്കുന്നതോടെ വികസന പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റം വരുത്തുവാൻ പഞ്ചായത്തിനു് സാധിക്കും.

വരുമാനവളങ്ങൾ

ജീപ്പു്, കാറു്, ഓട്ടോറിക്ഷ, ടെമ്പോവാൻ മുതലായ നിരവധി വാഹനങ്ങളും പഞ്ചായത്തിന്റെ വിവിധ ടൗണുകളിൽ പാർക്കുചെയ്യുന്നുണ്ടു്. ഈ വാഹനങ്ങൾക്കു് എല്ലാം പ്രത്യേക പാർക്കിംഗു് സൗകര്യം ഏർപ്പെടുത്തി പഞ്ചായത്തു് ആകു് പ്രകാരമുള്ള ഫീസു് ഈടാക്കുകയും വേണം. ദിവസേന ലക്ഷങ്ങളാണം പഞ്ചായത്തിനു് ഇതിലൂടെ നല്ലൊരു വരുമാനം പ്രതീക്ഷിക്കാവുന്നതാണു്.

സർക്കാരേതര സംഘടനകളുടെ പ്രവർത്തനം

മലപ്പുറം ജില്ലയിലെന്നെ ഏറ്റവും ജനപങ്കാളിത്തമുള്ള N G O സംഘടനയിൽ C B N P യുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി ത്രിഫ്റ്റു് സൊസൈറ്റികളുടെ സാമ്പത്തിക വിഭവ സമാഹരത്തിനു് ആക്കം കൂട്ടുന്നതിനുള്ള പരിപാടികളും ചെയ്യുക.

ചെറുകിട വ്യവസായം

പഞ്ചായത്തിന്റെ വികസന കാര്യത്തിൽ പ്രധാന്യമായ മുന്നേറ്റം നടത്താൻ കഴിയുന്ന ഒന്നാണു് കാർഷികവ്യവസായം. പഞ്ചായത്തിലുള്ള 30 വ്യവസായങ്ങളിലധികവും പരമ്പരാഗതമായി നിലനിന്നുപോരുന്നവയാണു്. അതിനു് കൂടുതൽ പ്രാധാന്യം നൽകുകയും വിപുലീകരിക്കുകയും ചെയ്യുക പഞ്ചായത്തിലെതന്നെ വിഭവങ്ങളും ഉപയോഗപ്പെടുത്തി പുതിയ സംരംഭങ്ങളും തുടങ്ങുക. വലിയ സാങ്കേതിക അറിവു് ആവശ്യമില്ലാതെതന്നെ മനുഷ്യാദ്ധ്വാനം മാത്രം ഉപയോഗപ്പെടുത്തി നിരവധി പേർക്കു് തൊഴിൽ നൽകുന്ന ചെറുകിട വ്യവസായങ്ങളും തുടങ്ങുക. ഗൾഫു് മേഖലയിൽ ജോലിചെയ്യുന്നവരിൽ വ്യവസായ താല്പര്യം ഉണ്ടാക്കി വ്യവസായയൂണിറ്റുകളും സ്ഥാപിക്കാൻ വേണ്ട നടപടികളും ചെയ്യുക.

പഞ്ചായത്തിൽതന്നെ സുലഭമാക്കി ലഭ്യമാകുന്ന വിഭവങ്ങളും (നാളികേരം, നേന്ത്രക്കായ, ചകിരി, കളിമൺ, മരം മുതലായവ) പ്രയോജനപ്പെടുത്തി പുതിയ സംരഭങ്ങളും ആരംഭിക്കുക തുടങ്ങിയ ഒരു പാടു് ചെറുകിട വ്യവസായങ്ങളും ആരംഭിക്കുവാൻ ഇതിലൂടെ പഞ്ചായത്തിനു് കാര്യമായ വരുമാനം ഉണ്ടാക്കാൻ കഴിയും.

മനുഷ്യാദ്ധ്വാനം

ജാതിമത കക്ഷിചിന്തകളുമക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിനു് തന്റെ അദ്ധ്വാനം സംഭാവനചെയ്യുക എന്നതു് വളരെ മഹത്തായ ഒരു കാര്യമാണു്. ഒരുപാടു് ബഹുജന സംഘടനകളുക്കു് സ്വാധീനമുള്ള ഒരു പഞ്ചായത്താണു് നമ്മുടേതു്. വിവിധ ബഹുജന സംഘടനകളുടെയും സന്നദ്ധസേവകരുടെയും പരമാവധി ഉപയോഗപ്പെടുത്തുന്നതിലൂടെ നാം ലക്ഷ്യമിട്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളും ഒന്നൊന്നായി നടപ്പാക്കാൻ സാധിക്കും.

റോഡു് നിർമ്മാണം എന്നിവക്കു് പ്രതിഫലം നൽകേണ്ടാത്ത ഈ അദ്ധ്വാനം ഉപയോഗപ്പെടുത്തുന്നതിലൂടെ ചെലവു് ചുരുങ്ങുകയും വികസന പ്രവർത്തനം നാടിന്റെ നാനാഭാഗത്തും നടക്കുകയും ചെയ്യും

മേൽ ഉദ്ദേശശിച്ച കാര്യങ്ങളും മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താവുന്ന ചില ഉദാഹരണങ്ങളും മാത്രം പരിസര മലിനീകരണം, തോട്ടകളുംവെട്ടുക, കുളം നിർമ്മിക്കുക, കുളങ്ങളും നന്നാക്കുക, വിദ്യഭ്യാസനിലവാരം ഉയർത്തുന്നതിനും ആരോഗ്യകേന്ദ്രങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും തുടങ്ങി വിവിധ മേഖലകളിൽ മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താം.

പട്ടിക II വരുമാനത്തിലെ വ്യതിയാനം

നമ്പർ	ഇനം	1991–92	1994–95	വ്യത്യാസം
	കെട്ടിടനികുതി	63073-80	129725.80	66652.00
	വിനോദനികുതി	1038	16701.95	15663.95
	പ്രദർശന നികുതി	259.50	2602.50	2343.00
	തൊഴിൽ നികുതി	51800	93497	41697
	ഗ്രാൻറുകൾ-സംഭാവനകൾ	45945	56995	11050
	ലൈസൻസ് ഫീസ്	7070.55	4841.55	2229.00
	വസ്തുകൈപ്പറ നികുതി	75%-78694	198949	120255
	മറ്റു വരവുകൾ	49412-70	56059.70	6647.00
	ആകെ വരവ്	297293.55	559372.50	266536.95
	ചെലവ് എസ്റ്റാബ്ലിഷ്മെൻറ്			

ഉപസംഹാരം

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും, പഠന പര്യടനത്തിലൂടെയും, വിവരശേഖരണത്തിലൂടെയും ലഭിച്ച കാര്യങ്ങളും രേഖയായി ചേർത്തിരിക്കുന്നു. ഈ നിർദ്ദേശങ്ങളും വിശദമായ ചർച്ചക്കും അംഗീകാരത്തിനുമായി വികസന സെമിനാറിൽ സമർപ്പിക്കുകയാണ്. ഇവിടെ ഉയർന്ന വന്ന നിർദ്ദേശങ്ങളും പദ്ധതികളാക്കുന്നതിലൂടെയും ഈ പദ്ധതികളും നടപ്പിലാക്കുന്നതിലൂടെയുമാണ് ഈ രേഖ ഫലപ്രദമാവുന്നത്. അതിനാവശ്യമായ കാര്യങ്ങളും ഈ സെമിനാറിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ തലത്തിൽ നടക്കുന്ന പദ്ധതിവിഹിതത്തിന്റെ 40% ഇതുകൂടാതെ പഞ്ചായത്തിൽ സന്നദ്ധ സേവനത്തിലൂടെ വലിയൊരളവ് ഊർജ്ജം സമാഹരിക്കുന്നതിലൂടെ മാത്രമെ ജനകീയാസൂത്രണം ഫലപ്രദമാകൂ. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

ആലിപ്പറമ്പ് പഞ്ചായത്തിലെ പ്രധാനപ്പെട്ട വളർത്തു മൃഗങ്ങളും പശു, ആട്, എരുമ, പോത്ത് കോഴി എന്നിവയാണ്. ഇവയിൽ ഏറ്റവും കൂടുതലായുള്ളത് പശു. ആട്, ഇവയാണ്. പോത്ത് ഉഴവുകാള എന്നീ മൃഗങ്ങളുടെ വളർത്തൽ കുറഞ്ഞു വരുന്നതാണ്. കണക്കുകളും സൂചിപ്പിക്കുന്നത്. വളർത്തുപക്ഷികളും എന്ന നിലയിൽ കോഴി വളർത്തലിനാണ് പ്രാധാന്യം. നാമമാത്രമായി താറാവു വളർത്തലും ചില വീടുകളിൽ ഉണ്ട്. ഈ പഞ്ചായത്തിൽ ആകെ വളർത്തുന്ന മൃഗങ്ങളുടേയും പക്ഷികളുടെയും ഒരു പട്ടികചുവടെ കൊടുക്കുന്നുണ്ട്. 1995ലെ കണക്കെടുപ്പനുസരിച്ച് തയ്യാറാക്കിയതാണ് പ്രസ്തുത പട്ടിക.

ഒരു ഉപജീവനമാർഗ്ഗം എന്ന നിലയിൽ പശു വളർത്തൽ തന്നെയാണ് പ്രാധാന്യം ഈ പഞ്ചായത്തിൽ 250ൽ അധികം ക്ഷീരകർഷകർ ഉണ്ട്. ഇവരിൽ 90% കർഷകരും സങ്കര ഇനത്തിൽപ്പെട്ട പശുക്കളെ വളർത്തുന്നു. പാറൽ ക്ഷീരവ്യവസായ സഹകരണസംഘമാണ് കൃഷിക്കാരിൽ നിന്നും പാൽ ശേഖരിക്കുന്നത്. ഏകദേശം 1100 ലിറ്റർ പാൽ ഈസംഘം കർഷകരിൽ നിന്നും ശേഖരിച്ച് വിപണനം നടത്തുന്നുണ്ട്. സ്വന്തമായി പാൽ വിൽക്കുന്ന കർഷകരും ഉണ്ട്. പ്രതിദിനം 300 ലിറ്ററോളം പാൽ ഈ വിധത്തിൽ വിൽപന നടത്തുന്നുണ്ട്. പഞ്ചായത്തിലെ മൊത്തം പാൽ ഉൽപാദനം 1500 ലിറ്ററോളം വരും.

നൽകൃഷിയിൽ നിന്നും കർഷകരുടെ പിന്മാറ്റവും ട്രാക്ടറിന്റെവ്യാപകമായ ഉപയോഗവും അടുത്തകാല വളർത്തലും പോത്തുവളർത്തലും കുറഞ്ഞുവരുന്നതായി കണക്കുകൾ കാണിക്കുന്നു. വാഹനങ്ങളുടെവർദ്ധനവ് വണ്ടിക്കാളകളുടെയും വണ്ടിപോത്തുകളുടെയും വളർത്തലിൽ നിന്നും പലരേയും പിന്തിരിപ്പിച്ചിട്ടുണ്ട് എന്നാലും മോശമല്ലാത്ത ഒരു മൃഗസമ്പത്തും ആലിപ്പറമ്പ് പഞ്ചായത്തിനുണ്ട്. എന്ന് പട്ടിക പരിശോധിച്ചാൽ കാണാം.

വൻ തോതിൽ കോഴികളെ വളർത്തുന്ന 7 ലധികം ഫാമുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മേത്തരം ഇറച്ചി കോഴികളെയാണ് ഈ ഫാമുകളിൽ വളർത്തുന്നത്. പഞ്ചായത്തിലെ 1, 2, 3, 5, 7 എന്നീ വാർഡുകളിലാണ് ഇറച്ചി കോഴിവളർത്തൽ ഉള്ളത്, ഒന്നാം വാർഡിൽ 2-ൽ 3ഉം 3-ൽ 1ഉം 5- 1ഉം 7-ൽ 1ഉം ഫാമുകളും പ്രവർത്തിക്കുന്നു. കോഴിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവും. കോഴിവിലയിലുണ്ടാവുന്ന ഇടിച്ചിലും തമിഴ്നാട്ടിൽ നിന്നുള്ള രോഗം ബാധിച്ച കോഴികളെ ഇറക്കുമതിയും ഇറച്ചികോഴി വളർത്തലിനെപ്രതികൂലമായി ബാധിക്കുന്നുണ്ട് പല ഫാമുകളും പ്രവർത്തന രഹിതമാവാൻ സാദ്ധ്യതയുണ്ട്. നാടൻകോഴി വളർത്തൽ പൊതുവെ കുറഞ്ഞുവരുന്നതായി കണക്കുകൾ കാണിക്കുന്നുമിക്കവാറും 80% വീടുകളിലും നാടൻ കോഴി വളർത്തുന്നുണ്ടെങ്കിലും എണ്ണത്തിന്റെ കാര്യത്തിൽ ആശാവഹമല്ല. നാടൻ കോഴി വളർത്തൽ വളരെയധികം പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂടവളർത്തൽ ആദായകരമായ തൊഴിലാണെങ്കിലും ഈ പഞ്ചായത്തിൽ തീരെ ഇല്ല എന്നു തന്നെ പറയാം മുയൽ വളർത്തൽ ഉപതൊഴിലായി സ്വീകരിച്ചവർ ഈ പഞ്ചായത്തിൽ ഇല്ല, പല വാർഡുകളിലും വളരുന്നവർ അലങ്കാരത്തിനു വേണ്ടി മാത്രമാണ്. മുയലുകളിൽ പ്രത്യുൽപാദന നിരക്ക് വളരെ കൂടുതലായതു കൊണ്ട് വളരെ ലാഭകരമാണ്.

കാലിവളർത്തൽ ചുരുങ്ങിയ മുതൽ മുടക്കുകൊണ്ട് ഉപജീവന മാർഗ്ഗം കണ്ടെത്താൻ പറ്റുന്ന തൊഴിലാണെങ്കിലും മേച്ചിൽ സ്ഥലങ്ങളുടെ അഭാവം, പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതകുറവ്, കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ് രോഗപ്രതിരോധപ്രവർത്തനങ്ങളുടെ അഭാവം എന്നിവ മൂലം ധാരാളം പ്രശ്നങ്ങളനേരിടുന്നു. ഈ രംഗത്ത് പാറൻ ക്ഷീര വ്യവസായ സഹകരണ സംഘം കർഷകരെ സഹായിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. എന്നത് പ്രതീക്ഷക്കു വക നൽകുന്നു.

ഈ പഞ്ചായത്തിൽ ആകെ ഒരു മൃഗാശുപത്രിയേ ഉള്ളു. അതിൽതന്നെ വേണ്ടപ്പെട്ട സംവിധാനങ്ങളും കുറവാണ്. പഞ്ചായത്തിലെ 5ാം വാർഡ് പറൻഭാഗത്താണ് ഇത് സ്ഥിതിചെയ്യുന്നത്

1,2,3,4,5,6 വാർഡുകൾക്ക് മാത്രമേ ഈ ആശുപത്രികൊണ്ട് രോഗിക പ്രയോജനം ലഭിക്കുന്നുള്ളു. 7,8,9,10,11,12 വാർഡുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഈ വാർഡുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ആലിപ്പറമ്പ് കൊടക്കാപറമ്പ് കേന്ദ്രമായി ഒരു മൃഗാശുപത്രി സ്ഥാപിച്ചാൽ വളരെപ്രയോജനകരമാകും ഈ പഞ്ചായത്തിൽ കാലികൾക്ക് പൊതുവെ കുളമ്പുരോഗം. അകിടുവീക്കം, ഉദരരോഗം, പനി എന്നിവ പലപ്പോഴും കാണപ്പെടുന്നു. കർഷകരുടെ അജ്ഞതയും കാലിത്തൊഴുത്തുകളുടെ ശുചിതമില്ലായ്മയും രോഗം വർദ്ധിക്കാൻ ഇടവരുന്നു.

കാലിവളം ഉപയോഗിച്ചുള്ള ഗോർബർഗ്യാസ് പ്ലാന്റ് ധാരാളം ഇന്ധനലാഭമുണ്ടാക്കുന്ന ഒരു പദ്ധതിയാണെങ്കിലും ഈ പഞ്ചായത്തിൽ പൊതുവെ അത് വളരെ കുറവാണ്. നാമമാത്ര പ്ലാന്റുകളം മാത്രമേളള്ളു. പ്രചാരത്തിന്റെ കുറവും കൃഷികാരുടെ അറിവില്ലായ്മയും ഇതിന് വേണ്ടത്ര പ്രചാരം ലഭിക്കാത്തതിന്റെ കാരണം.

രാസവളങ്ങളുടെ ക്രമാതീതമായ വിലവർദ്ധനയിൽ നിന്നും രക്ഷപ്പെടുവാൻ ജൈവവളങ്ങളം ഉത്പാദിപ്പിക്കുക മാത്രമമാണ് പോം വഴി അതിനു കാലി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്. വിശാലമായ ഒരു പുഴയോരവും ജലാശയങ്ങളും വയലുകളും ഉള്ളതുകൊണ്ട് താറാവുവളർത്തൽവ്യവ്യതൊഴിലായി സ്വീകരിക്കാവുന്നതാണ്. അതിനാൽ താറാവു കൃഷി പ്രോൽസാഹനം അർഹിക്കുന്നു.

പഞ്ചായത്തിലെ ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1 ക്രമാതീതമായ വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലിത്തീറ്റ വിലവർദ്ധന
2 പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്
3 മേച്ചിൽ സ്ഥലങ്ങളുടെ അഭാവം
4 രോഗവ്യാപനം ചികിൽസിക്കാനുള്ള സൗകര്യം
5 പഞ്ചായത്തിലെ രൂക്ഷമായജലക്ഷാമം
6 ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കാനുള്ള പ്രയാസം.
7 പഞ്ചായത്തിലെ കിഴക്കുഭാഗത്തുള്ളവർക്ക് ആശുപത്രിയുടെ കുറവ്
8 നാടൻപശുക്കളുടെ ശോഷ്യം

സാധ്യതകൾ

1 ന്യായമായ വിലക്ക് കാലിതീറ്റ ലഭ്യമാക്കുക.
2 കാലിത്തീറ്റ വിലയിൽ സബ്സിഡി അനുവദിക്കുക.
3 സ്വയംപര്യാപ്തകൃഷി ചെയ്യുവാൻ വേണ്ട സഹായസൗകര്യങ്ങളും വിദഗ്ധ ഉപദേശവും ലഭ്യമാക്കുക.
4 സഹകരണാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക.
5 7, 8, 9, 10, 11, 12 വാർഡുകൾക്കായി പ്രത്യേകം 2 മൃഗാശുപത്രി സ്ഥാപിക്കുക.
6 മൃഗഡോക്ടർമാർ കർഷക ഭവനങ്ങൾ സന്ദർശിച്ചു വിദഗ്ധ ഉപദേശം നൽകുക. രോഗപ്രതിരോധ മാർഗ്ഗങ്ങളം നിർദ്ദേശിക്കുക.
7 പുതിയ മൃഗങ്ങളെ വാങ്ങുമ്പോൾ പകുതിയെങ്കിലും സബ്സിഡി അനുവദിക്കുക.
8 തൊഴുത്തു നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക.
9 ചുരുങ്ങിയ പലിശക്ക് വായ്പാ സഹായം ലഭ്യമാക്കുക. സബ്സിഡി അനുവദിക്കുക.
10 ഉത്പാദന ചിലവിനനുസൃതമായി പാലിന് വില കൂട്ടുക.
11 ശുദ്ധ ജല ക്ഷാമം പരിഹരിക്കുക.
12 പാൽ ക്ഷീര സഹകരണസംഘം കാലിത്തീറ്റ ഫാക്ടറി തുടങ്ങുക. പഞ്ചായത്തിലെ എല്ലാ കർഷകർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുക.
13 പാൽ ഭാഗത്തും കല്ലെരട്ടി പ്രദേശത്തും പുൽകൃഷി തുടങ്ങുക.
14 അലഞ്ഞു നടക്കുന്ന പട്ടികളെ കാലകാലങ്ങളിൽ പിടിച്ചു നശിപ്പിക്കുക.
15 കോഴിവളർത്താൻ താല്പര്യമുള്ള വീട്ടുകാർക്ക് കോഴി സൗജന്യമായ കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
16 ഇറച്ചി മുയലുകളെ വളർത്തൽ പ്രോത്സാഹിപ്പിക്കുക.
17 താറാവു വളർത്താൻ വേണ്ട സഹായം ചെയ്യുക.
18 മൃഗാസ്പത്രിയിലെ ഡോക്ടർമാർ ഓരോ വാർഡുകളിലും പ്രത്യേക ദിവസങ്ങൾ ക്യാമ്പ് ചെയ്യുക.
19 എല്ലാ വാഡുകളിലും പാൽസംഭരണ യൂണിറ്റുകൾസ്ഥാപിക്കുക.
20 ഇറച്ചികോഴി വളർത്തനുള്ള സഹായസഹകരണങ്ങൾ നലകുക.
21 ഒരു കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി കാണാടിസ്ഥാനത്തിൽ സ്ഥാപിക്കുക. ഷൂറൻസിൽ നിന്ന് ഇത് ലഭ്യമാക്കാനുള്ള പരമാസം ഒഴിവാക്കുക. പാൽ മൃഗാശുപത്രിക്കു സ്ഥിരമായ കെട്ടിടം നിർമ്മിക്കുക. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രദേശായി നടപ്പാക്കുക, ആടു വളർത്തൽ പ്രോത്സാഹനം പ്രോത്സാഹിപ്പിക്കുക. ബീജാധാന പരിപാടിപൂർണ്ണമായും സൗജന്യമാക്കുക.

മത്സ്യബന്ധനം

പഞ്ചായത്തിൽ പ്രദേശത്ത് 50ൽ അധികം പൊതു സഹകരണ കുളങ്ങളുണ്ട്. ഇവയിൽ കൃഷി ചെയ്യാൻ പറ്റുന്ന തിരഞ്ഞെടുത്ത കുളങ്ങളിൽ സാധ്യതകൾ കണ്ടെത്തണം.

1995 ഒക്ടോബർ 4-ാംതിയ്യതി ബുധനാഴ്ച [illegible] പ്രതീക്ഷകളോടെയാണ് ആലിപ്പറ [illegible] പഞ്ചായത്ത് ഭരണസമിതി അധികാര [illegible] പഞ്ചായത്ത് സാംസ്കാരിക നിലയ [illegible] മറന്നുവെച്ച് നടന്ന സത്യപ്രതിജ്ഞാ [illegible] കക്ഷിഭേദമെന്യേ നിരവധിപേർ ഉത്സാ [illegible] പങ്കെടുത്തു. ഈ ചടങ്ങിൽ സംബന്ധി [illegible] ആവേശത്തിലും ഉത്സാഹത്തിലും ഒന്നിച്ച് [illegible] നമ്മുടെ പഞ്ചായത്തിന്റെ പുരോഗതി [illegible] സഹകരിച്ചു പ്രവർത്തിക്കണമെന്നും പഞ്ചായത്ത് [illegible] പ്രസിഡണ്ടായി തെരഞ്ഞെടുത്ത [illegible] സുമാസുധാകരൻ ആവശ്യപ്പെട്ടു. ഈ ആവശ്യം യാ [illegible] യാക്കുന്നതായിരുന്നു തുടർന്നുള്ള പ്രവ [illegible] അഴിമതിരഹിതവും ജനകീയ പങ്കാളി [illegible] പ്രവർത്തനവും സത്യസന്ധവും നീതിപൂർവ്വക [illegible] ഉറപ്പാക്കും. പുതിയ ഭരണസമിതിയുടെ പ്രവ [illegible] പ്രസിഡണ്ട് പ്രഖ്യാപിച്ചു തുടർന്ന് [illegible] അങ്ങാടിയിൽവെച്ച് ചേർന്ന പൊതുജന [illegible] പ്രസിഡണ്ടും സഹപ്രവർത്തക [illegible] പ്രവർത്തന ശൈലി വിവരിക്കുകയും [illegible] കഴിയുന്നതിനായി പൊതുജനം [illegible] അഭ്യർത്ഥിക്കുകയുണ്ടായി.

[illegible] പുറം ജില്ലയിൽത്തന്നെ ഏറ്റവും പിന്നോ [illegible] പ്രദേശമാണ് ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്. [illegible] പ്രധാനമായി പഞ്ചായത്തിന്റെ കിടപ്പും [illegible] സ്ഥിതിവിവരസ്ഥിതിക്ക് ആക്കം കൂട്ടുന്നതാണ്. പ [illegible] തിന്റെ 90% ത്തോളം പേരും കാർഷിക [illegible] മായി ബന്ധപ്പെട്ട് കഴിയുന്നവരാണ്. ഇ [illegible] മനസ്സിലാക്കി കൃഷിയുമായി ബന്ധപ്പെട്ട [illegible] ഗ്രാമസഭകൾ വിളിച്ചുകൂട്ടി കൃഷിവികസനത്തി [illegible] ഒരു സമഗ്രമായ രേഖ തയ്യാറാക്കുകയുണ്ടായി.

[illegible] വാട്ടർ ഷെഡ്ഡുകളും ഈ പഞ്ചായത്തിൽ [illegible] നടപ്പിലാക്കുന്നുണ്ട്. നാലാം വാർഡിൽ കീഴ് [illegible] വാട്ടർ ഷെഡ്ഡും 9-ാംവാർഡും എട്ട്, പത്ത് [illegible] വാർഡിലെ പകുതി അംഗങ്ങളും ചേർന്ന ബിടാ [illegible] നിർമ്മിതി പദ്ധതിയും നാലാം വാർഡ് [illegible] പ്രവർത്തനം ആരംഭിച്ചിട്ട് അഞ്ച് [illegible] പൂർത്തിയാകാൻ പോകുന്നു. കടുവെള്ള [illegible] വാപ്പെട്ട കൃഷിക്കാരുടെ ഉന്നമനത്തിനു [illegible] പദ്ധതികളും മുഖേന ലക്ഷക്കണക്കിനു [illegible] സഹായം നൽകിവരുന്നു. രണ്ടാം വാർഡി

ലെ വടക്കേചേരി ഹരിജൻ കോളനിയിലെ ഹരിജ നങ്ങളെ ഒരുമിപ്പിച്ച് ഈ വാട്ടർ ഷെഡ്ഡിന്റെ കീ ഴിൽ ഒരു സൊസൈറ്റി രൂപീകരിച്ച് അവരുടെ പരമ്പരാഗത തൊഴിലിനും പുതു ജീവൻ നൽകാൻ ആറ് മാസത്തിനുള്ളിലായി കഴിയും എന്നത് ചാ രിതാർത്ഥ്യ ജനകമാണ്.

കൃഷി അഡീഷനൽ ഡയറക്ടർ, കൃഷി ഓഫീ സർ എന്നിവരെ പങ്കെടുപ്പിച്ച് കൃഷികാക്ക് നവീന കൃഷി രീതിയെകുറിച്ചും കൃഷിനഷ്ടം പരമാവധി ഒഴിവാക്കി ലാഭകരമായി നടത്തുന്നതിനെകുറിച്ചും വിശദീകരിച്ച ക്ലാസുകളും വിജയകരമായി നടത്തുക യുണ്ടായി.

സി. ബി. എൻ. പി. പ്രവർത്തകരുടെ സഹായ ത്തോടെ പഞ്ചായത്തിലെ പാവപ്പെട്ട കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതും വിജയകരമായി പൂർത്തീകരി ക്കുന്നതിനും കഴിഞ്ഞു. ഏറ്റവും നിർദ്ധനർ, വീടില്ലാ ത്തവർ, കക്കൂസില്ലാത്തവർ, കിണറില്ലാത്തവർ, വീടും ഓടിട്ടില്ലാത്തവർ, വീട്ടുകാർക്ക് ചുമരില്ലാ ത്തവർ തുടങ്ങി ഏറ്റവും ദരിദ്ര കുടുംബങ്ങളെ കണ്ടെ ത്താൻ കഴിഞ്ഞു. സ്വന്തമായി ഒരു സെന്റ് ഭൂമി പോലും ഇല്ലാത്തവരുടെ കണക്കും ശേഖരിച്ചു.

വരൾച്ചകെടുതിയിൽനിന്നും ദുരിതമനുഭവിക്കു ന്നവരെ കരകയറ്റാനുള്ള ഈ പരിപാടിയും ശ്രദ്ധി ച്ചിരുന്നു. പെരിന്തൽമണ്ണ MLA അഡ്വ: പി. മുസ്തഫിസാഹിബിന്റെ അശ്രാന്ത പരിശ്രമ ഫല മായി മണലായനിന്നും സ്രുതഹൈസ്കൂളിനു അടുത്തുള്ള വാട്ടർടാങ്കിലേക്ക് വെള്ളം പമ്പുചെയ്ത് പഞ്ചാ യത്തിലെ ഒന്നുമുതൽ നാലുവരെയുള്ള വാർഡുകളിലെ നിലവിലുള്ള പൈപ്പിലൂടെ വെള്ളം എത്തിക്കാനു ള്ളപരിപാടി ഉൽഘാടനംചെയ്തത് പണി നടന്നു വരുന്നു. ബാക്കിവരുന്ന വാർഡുകളിലെയും ദാഹ നീർ പ്രശ്നം തീർക്കുന്നതിനുള്ള പരിപാടി ആവിഷ്ക രിച്ചിച്ചുണ്ട്. പൂവത്താണിയിൽകൂടി താഴേക്കോട് പഞ്ചായത്തിലേക്ക് പോകുന്ന ശുദ്ധജലപദ്ധതി യിൽനിന്നുള്ള വെട്ടത്തൂർ റോഡിൽകൂടി ബിടാത്തി തോട്ടുവരെയും പൂവത്താണി മുതിരാണ്ണ റോഡിൽ കൂടി രണ്ടിരിതോട്ടുവരെയും പൈപ്പിട്ട് വെള്ളം ലഭ്യ മാക്കിയാൽ 9-ാംവാർഡിലെകുടിനീർ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. അതുപോ ലെ 10-ാം വാർഡിലെ കൊടക്കാപറമ്പ് കുന്നത്താ

7–ാംവാർഡിലെ കോട്ടക്കുന്നിന്റെ മുകളിലോ ഒരു വെള്ളടാങ്കും കെട്ടി വെള്ളം പമ്പുചെയ്യു വിതരണം ചെയ്യാനുള്ള പരിപാടി നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ കുടിനീർപ്രശ്നം ഒരളവോളം പരിഹരിക്കാൻ കഴിയും. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ പ്രകൃതിയുടെ അനുഗ്രഹമാണു് തുതപ്പുഴ. ഈ വരദാനം ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ കാർഷിക മേഖലയായ ഈ പഞ്ചായത്തു് ഒരു പരിധിവരെ സ്വയം സമ്പൂർണ്ണമാക്കാൻ കഴിയും.

പഞ്ചായത്തിലെ പതിനഞ്ചു വാർഡുകളിലെയും ഗ്രാമ സഭകൾവിളിച്ചു ചേർത്തുനടത്തിയ ചർച്ചകളിൽ പ്രധാനമായും പൊന്തിവന്ന ആവശ്യങ്ങളാണു് കുടിവെള്ളം ജലസേചന സൗകര്യം വാഹന ഗതാഗത യോഗ്യമായ റോഡുകളും വൈദ്യുതി വിതരണം എന്നിവയാണു്. ഈആവശ്യങ്ങളും പരിഹരിച്ചാൽ മറ്റു വികസനങ്ങളും അനുബന്ധമായിവരും എന്നാണു് ജനങ്ങളുടെ അഭിപ്രായം. മസ്തിഷ്കജ്വരം, ജപ്പാൻപനി, മുതലായവയുടെ ഭീഷണിയിൽ നിന്നും പഞ്ചായത്തിനെ രക്ഷിക്കുന്നതിനു് 12 വാർഡുകളിലും പൊതുയോഗങ്ങളും വിളിച്ചുകൂട്ടി ആരോഗ്യ സമിതികളും രൂപീകരിച്ചു കൊണ്ടു നിർമ്മാർജന പരിപാടി വിജയകരമായി നടപ്പാക്കുകയും ജനങ്ങളിൽ അറിവു പകരുകയുമുണ്ടായി.

ആതുര സേവന രംഗത്തു് പഞ്ചായത്തിന്റെ പ്രവർത്തനം കടന്നു ചെല്ലുന്നുണ്ടെങ്കിലും ബന്ധപ്പെട്ടവരുടെ സഹകരണമില്ലായ്മ നിരാശപ്പെടുത്തുകയാണു്. ആകെ ആലിപ്പറമ്പു് പഞ്ചായത്തിലുള്ള P H C സെന്ററിലെ കെട്ടിടങ്ങളും ഉപകരണങ്ങളും ദ്രവിച്ചുകൊണ്ടിരിക്കുന്നു. ഡോക്ടർ; നഴ്സു് തുടങ്ങിയ ജീവനക്കാർ താമസസൗകര്യക്കുറവുമൂലം ഈ സെന്ററിൽ താമസിക്കുന്നില്ല. രണ്ടു ഡോക്ടർമാർ റിക്കാർഡുപരമായി സെന്ററിൽ ഉണ്ടെങ്കിലും രോഗികൾക്കു് യാതൊരു ഉപകാരവുമില്ല. വൈദ്യുതി ചാർജ്ജു് അടക്കാത്തതിന്റെ പേരിൽ ആസ്പത്രിയിലെ കണക്ഷൻ വേർപ്പെടുത്തിയിട്ടു് വർഷങ്ങളായി പമ്പുസെറ്റു് പോളിയോ പ്രോഗ്രാം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉൽസവ പ്രതീതി ജനിപ്പിക്കുമാറു് ജനങ്ങളും സഹകരിച്ച വിജയിപ്പിച്ച ഇക്കാര്യത്തിൽ അദ്ധ്യാപകർ കുട്ടികളുടെ കാര്യത്തിൽ തികഞ്ഞ ശ്രദ്ധയും നിരീക്ഷണവും പുലർത്തുകയും ചെയ്തു. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെയും വിവിധ സംഘടനകളുടെയും പൊതു പ്രവർത്തകരുടെയും സഹകരണം എടുത്തുപറയത്തക്കതാണു്.

പഞ്ചായത്തിന്റെ വിദ്യാഭ്യാസപരിമ്നോക്കാവസ്ഥ പരിഹരിക്കുന്നതിനു് ആവശ്യമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനു് ഒരു സമിതി രൂപീകരിക്കണമെന്നു് ഭരണസമിതിക്കു് പരിപാടിയുണ്ടു്. ഒരു എൽ പി സ്കൂൾപോലുമില്ലാത്ത വട്ടപ്പറമ്പു് എന്ന ഒമ്പതാംവാർഡു് ഈ പഞ്ചായത്തിലുണ്ടു് ഇതു് പരിഹരിക്കപ്പെടണം. മുമ്പു് ഒരു എൽ പി സ്കൂൾ ഉണ്ടായിരുന്നതുതന്നെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥകാരണം നഷ്ടപ്പെട്ടതാണു് ഒന്നാംവാർഡിലെ മുഴന്നമണ്ണ പ്രദേശം. സ്ഥലങ്ങളുടെ കിടപ്പും വീടുകളുടെ നിൽപ്പും കാരണം ഇന്നും ഒന്നാംവാർഡിലെ മുഴന്നമണ്ണക്കാർ മൂന്നു കിലോമീറ്റർ മുതൽ ആറു കിലോമീറ്റർ ദൂരംവരെ നടന്നാണു് ആനമങ്ങാടു് എൽ പി സ്കൂളിലും എരവിഴംഗലം സ്കൂളിലും എത്തുന്നതെന്ന ദയനീയ സ്ഥിതിയും നിലവിലുണ്ടു്. നഷ്ടപ്പെട്ട മേൽ എൽ പി സ്കൂൾ പുനസ്ഥാപിക്കുക, മണലായ, വളാങ്കുളം, എടായ്ക്കൽ എന്നീ എൽ പി സ്കൂളുകളും ഉയർത്തി യു പി സ്കൂളുകളാക്കുക ഈ പഞ്ചായത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യമാണു്. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന സ്ഥാനത്തു് മൂന്നു് ഹൈസ്കൂളുകളാക്കി ഈ പഞ്ചായത്തിനെ ധന്യമാക്കിയ എം. എൽ. എ. സുപ്പിസാഹിബിനെ അഭിനന്ദിക്കാൻ നാട്ടുകാർ മറക്കുന്നില്ല.

കലാകായിക, സാഹിത്യ, സാംസ്കാരിക വിനോദ പരിപാടികളിൽ തൽപ്പരരായവർ ധാരാളമുള്ള ഈ പഞ്ചായത്തിൽ പഞ്ചായത്തുതല മത്സരപരിപാടികളും മേളകളും വിജയപ്രദമായിത്തന്നെ നടത്താറുണ്ടു്. ഇത്തരം രംഗത്തെ പ്രതിഭകൾക്കു് പ്രോത്സാഹനം നൽകി വളർത്തുന്നതിനു് നേതൃത്വം നൽകുന്ന നിരവധി ക്ലബ്ബുകളും, ഗ്രന്ഥശാലകളും എന്നിവ പല വാർഡുകളിലും പ്രവർത്തിക്കുന്നുണ്ടു്.

ടൂറ്റു് എം. എൽ. എ റോഡുകളും തന്നു് ഈ പഞ്ചായത്തിനെ നമ്മുടെ M. L. A. സുപ്പിസാഹിബു് അനുഗ്രഹിച്ചിട്ടുണ്ടു്. തൃത്താല–പട്ടാമ്പിറോഡു്, അമ്പ

...പാറൽറോഡ്, ചെത്തനാകർഗി ചെറുകര ...ഡ്.

...ഇതിനിടക്ക് പാറൽ റോഡിനു് ...പരോക്ഷം കിട്ടിയിട്ടില്ല. അതിന്റെ ...നുപേക്ഷിച്ചിരിക്കയാണു്.

...ഓഫീസർ കോളനി അംഗീകരിച്ചതും അതു ...ന അംഗീകരിക്കാത്തതുമായി ധാരാളം ...ങ്ങൾ ഈ പഞ്ചായത്തിൽ രൂപപ്പെടുന്നു. ...പരാഗത തൊഴിലെടുത്തു് ജീവിക്കുന്ന

...സന മേഖലകളായ നാട്ടുകാരും വികസ ...യ രേണസമിതി അംഗങ്ങളും സജീവ ...ുണ്ടെങ്കിലും കാര്യമായി പുരോഗതി ...ന്റെ കറവു തടസ്സമായിരിക്കുകയാണു്. ...ാഹരണം കാര്യക്ഷമമായല്ലാതെ വികസ ...നടുക സാധ്യമല്ല. ഉത്സാഹികളായ നാട്ടുകാർ ശ്രമദാനത്തിലൂടെ പലവഴികളും ഗതാഗത യോഗ്യമുള്ള റോഡുകളാക്കാൻ സഹായിച്ചിട്ടുണ്ടു്. അത്തരം പ്രവർത്തകരുടെ ആത്മവീര്യത്തോടൊപ്പം ഉയരാൻ കഴിയുമെങ്കിൽ ഓരോ രംഗത്തും ആവശ്യമായ പാസുകർമ്മം വേണം. അതിന്റെ അപര്യാപ്തത മൂലം പഞ്ചായത്തു് വികസനം വഴിമുട്ടിനില്ക്കുകയാണു്

പഞ്ചായത്തു് രൂപീകരിക്കുന്നതിനു ശേഷം പുരോഗതി ഉണ്ടായി എങ്കിലും ജനങ്ങളുടെ പ്രതീക്ഷയുടെ അര ശതമാനം പോലും ആയില്ല എന്ന ദുഃഖ സത്യം അവശേഷിക്കുന്നു. ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും നീണ്ടപട്ടിക ഉണ്ടെങ്കിലും മുൻഗണനാക്രമത്തിൽ അവ പരിഹരിക്കാനുള്ള ദൃഢപ്രതിജ്ഞയുമായി രേണസമിതിയും നാട്ടുകാരും മുന്നിലുണ്ടു് പഞ്ചായത്തിന്റെ ഇന്നത്തെ ദുർഗതി മാറുന്നതിനുള്ള കർമ്മപദ്ധതി രേണസമിതിയുടെ മുന്നിലുണ്ടു്.

സി. ഹംസ മാസ്റ്റർ, പ്രസിഡണ്ടു്.
ആലിപ്പറമ്പു് ഗ്രാമ പഞ്ചായത്തു്.